സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനപ്പുറത്തെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 സെപ്റ്റംബർ 12 ചൊവ്വ | ptnizar@rediffmail.com | 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

ക്ഷേത്ര പരിസരത്ത് ആയുധ പരിശീലനവും കായികാഭ്യാസവും വേണ്ട: ഹൈക്കോടതി

കൊച്ചി: തിരുവനന്തപുരം ചിറയിൻകീഴ് ശാർക്കര ദേവീ ക്ഷേത്രത്തിലെ ആയുധ പരിശീലനം തടഞ്ഞ് ഹൈക്കോടതി ഉത്തരവ്. ക്ഷേത്ര പരിസരത്ത് ആയുധ പരിശീലനവും കായിക അഭ്യാസവും അനുവദിക്കാനാവില്ലെന്ന് ജസ്റ്റിസ് അനിൽ കെ നരേന്ദ്രൻ വ്യക്തമാക്കി. ആർഎസ്എസ് ആയുധ പരിശീലനം നടത്തുന്നെന്നു ചൂണ്ടിക്കാട്ടി ഭക്തർ നൽകിയ ഹർജിയിലാണ് ഉത്തരവ്.

ക്ഷേത്രപരിസരത്ത് കായികാഭ്യാസം തടഞ്ഞ് അധികൃതർ ഇറക്കിയ ഉത്തരവ് കൃത്യമായി പാലിക്കുന്നില്ലെന്നു ചൂണ്ടിക്കാട്ടിയാണ് ഹർജി സമർപ്പിച്ചത്. ഉത്തരവ് പാലിക്കുന്നുണ്ടെന്ന് ദേവസ്വം കമ്മിഷണർ ഉറപ്പാക്കണമെന്ന് നിർദേശിച്ച ഹൈക്കോടതി ഇതിന് വേണ്ട സഹായം നൽകാൻ ചിറയിൻകീഴ് പൊലീസിനോട് ആവശ്യപ്പെട്ടു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിൽ വരുന്നതാണ് ക്ഷേത്രം. ക്ഷേത്രകാര്യങ്ങൾ നോക്കേണ്ടത് ദേവസ്വം ബോർഡ് ആണെന്ന് കോടതി പറഞ്ഞു. ക്ഷേത്ര പരിസരത്ത് ഒരു വിധത്തിലുള്ള കായികാഭ്യാസവും ആയുധ പരിശീലനവും അനുവദിക്കാനാവില്ലെന്ന് കോടതി വ്യക്തമാക്കി.

കായിക അഭ്യാസം നടക്കുന്നുണ്ടെന്ന പരാതി സത്യമാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി പൊലീസ് കോടതിയെ അറിയിച്ചു. ഇത് നിർത്താൻ നിർദേശിച്ചുകൊണ്ട് ബന്ധപ്പെട്ട വ്യക്തികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും പൊലീസ് പറഞ്ഞു.

താമര ചിഹ്നം പതിച്ച ഷർട്ട്, കാക്കി പാന്റ്; പുതിയ പാർലമെന്റിൽ ജീവനക്കാർക്ക് പുതിയ യൂനിഫോം

ന്യൂഡൽഹി: പുതിയ പാർലമെന്റ് മന്ദിരത്തിലെ ജീവനക്കാരുടെ യൂനിഫോമിലും മാറ്റം വരുത്തി കേന്ദ്രം. താമര കാക്കി മയമായിരിക്കും ഇനി യൂനിഫോം.

ക്രീം കളർ ഷർട്ടും ജാക്കറ്റും കാക്കി പാന്റുമാണ് പുരുഷ ജീവനക്കാരുടെ വേഷം. ഷർട്ടിൽ താമര ചിഹ്നം പ്രിന്റ് ചെയ്യും. രണ്ട് സഭകളിലേയും ജീവനക്കാർക്ക് ഒരേ വസ്ത്രമായിരിക്കും. പാർലമെന്റിലെ മുഴുവൻ ജീവനക്കാർക്കും വസ്ത്രങ്ങൾ വിതരണം ചെയ്യും. ജെൻഡർ ന്യൂട്രൽ യൂനിഫോമായിരിക്കുമെന്നും റിപ്പോർട്ടുണ്ട്.

ആദ്യ സമ്മേളനം അടുത്തയാഴ്ച നടക്കാനിരിക്കെയാണ് ജീവനക്കാർക്ക് പുതിയ യൂനിഫോം അവതരിപ്പിച്ചിരിക്കുന്നത്. പുതിയ യൂനിഫോമിൽ ഇരുസഭകളിലെയും മാർഷലുകൾക്കുള്ള മണിപ്പൂരി ശിരോവസ്ത്രവും ഉൾപ്പെടും. ടേബിൾ ഓഫിസ്, നോട്ടിസ് ഓഫിസ്, പാർലമെന്ററി റിപ്പോർട്ടിങ് വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ താമരയുടെ ചിഹ്നത്തോടുകൂടിയുള്ള ഷർട്ടായിരിക്കും ധരിക്കേണ്ടത്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയാണ് പുതിയ യൂണിഫോം രൂപകല്പന ചെയ്തതെന്നാണ് റിപ്പോർട്ടുകൾ.പാർലമെന്റ് സുരക്ഷാ ചുമതലയുള്ള ഓഫിസർമാർ നിലവിലെ നീല സഫാരി സ്യൂട്ടിന് പകരം സൈനികരുടെ രീതിയിലുള്ള യൂനിഫോം ധരിക്കണം.

സെപ്തംബർ ആറിനകം എല്ലാ ജീവനക്കാരോടും പുതിയ യൂനിഫോം കൈപ്പറ്റാൻ നിർദേശം നൽകിയിരുന്നു.സെപ്തംബർ 19ന് പുതിയ പാർലമെന്റ് മന്ദിരത്തിൽ ആദ്യ സമ്മേളനം നടക്കുമെന്നാണ് അനൗദ്യോഗിക വിവരം.

ലാവ്‌ലിൻ കേസ് സുപ്രിം കോടതി വീണ്ടും മാറ്റിവച്ചു

ന്യൂഡൽഹി: എസ്എൻസി ലാവ്‌ലിൻ കേസ് പരിഗണിക്കുന്നത് സുപ്രിംകോടതി വീണ്ടും നീട്ടി. സിബിഐ ആവശ്യപ്രകാരമാണ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ദീപാങ്കർ ദത്ത എന്നിവരടങ്ങുന്ന ബഞ്ച് കേസ് നീട്ടിവച്ചത്. മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെ മൂന്നു പേരെ കുറ്റവിമുക്തരായ ഹൈക്കോടതി വിധിക്കെതിരെയുള്ള സിബിഐ ഹർജിയാണ് സുപ്രിം കോടതി പരിഗണിക്കുന്നത്.

ജൂലൈയിൽ കേസ് പരിഗണിച്ച വേളയിലും കേസ് മാറ്റിവയ്ക്കണമെന്ന് സിബിഐ ആവശ്യമുന്നയിച്ചിരുന്നു. പിണറായി വിജയൻ ഉൾപ്പെടെയുള്ള മൂന്ന് പേരെ പ്രതിപ്പട്ടികയിൽ നിന്ന് ഒഴിവാക്കിയതിനെതിരെ 2017 ഡിസംബറിലാണ് സിബിഐ സുപ്രിംകോടതിയെ സമീപിക്കുന്നത്.

പിണറായി വിജയൻ, മുൻ ഊർജ വകുപ്പ് സെക്രട്ടറി കെ മോഹനചന്ദ്രൻ, ഊർജ വകുപ്പ് മുൻ ജോയിന്റ് സെക്രട്ടറി എ ഫ്രാൻസിസ് എന്നിവരെ പ്രതിപ്പട്ടികയിൽ നിന്ന് ഒഴിവാക്കിയ ഹൈക്കോടതി വിധിക്കെതിരെയാണ് സിബിഐ അപ്പീൽ നൽകിയത്. അഞ്ച് വർഷത്തിനിടെ ഇതുവരെ 34 തവണയാണ് ഹരജികൾ പരിഗണിക്കുന്നത് മാറ്റിവെച്ചത്.

ഇടുക്കി ജില്ലയിലുള്ള പള്ളിവാസൽ, ചെങ്കുളം, പന്നിയാർ ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണത്തിന്, കനേഡിയൻ കമ്പനിയായ എസ്.എൻ.സി. ലാവലിനുമായി ഒപ്പിട്ട കരാറുകളുമായി ബന്ധപ്പെട്ട വ്യവസ്ഥാ ലംഘനങ്ങളാണ് ലാവലിൻ കേസിന് ആധാരം.

കരാർ ലാവലിൻ കമ്പനിക്ക് നൽകുന്നതിന് പ്രത്യേക താല്പര്യം കാണിക്കുക വഴി സംസ്ഥാനത്തിന് 374 കോടി രൂപയുടെ നഷ്ടം സംഭവിച്ചു എന്നാണ് കേസിലെ പ്രധാന ആരോപണം.

ലാവ്‌ലിൻ കമ്പനിയുമായി അന്തിമ കരാർ ഒപ്പിട്ടത് ഇകെ നായനാർ മന്ത്രിസഭയിലെ വൈദ്യുതി മന്ത്രിയായിരുന്ന പിണറായി വിജയനായിരുന്നു.

ലിബിയയിൽ വൻ വെള്ളപ്പൊക്കം: 2,000ത്തിലധികം പേർ മരിച്ചു

കാണാതായവർ 6000ത്തിനു മുകളിൽ

ട്രിപളി: കനത്ത കൊടുങ്കാറ്റിനെയും മഴയെയും തുടർന്ന് കിഴക്കൻ ലിബിയയിലെ ഡെർന നഗരത്തിലുണ്ടായ വൻ വെള്ളപ്പൊക്കത്തിൽ 2,000 പേർ മരിച്ചു. ആയിരക്കണക്കിന് ആളുകളെ കാണാതാവുകയും ചെയ്തിട്ടുണ്ട്. ലിബിയൻ നഗരമായ ഡെർണയുടെ മധ്യത്തിലൂടെ വെള്ളം ഒഴുകുന്നതായി പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഡെർന നഗരത്തിന് സമീപമുള്ള അണക്കെട്ട് തകർന്നതാണ് ദുരന്തത്തിന്റെ വ്യാപ്തി കൂട്ടിയതെന്ന് അധികൃതർ അറിയിച്ചു. കാണാതായവരുടെ എണ്ണം 5,000ത്തിനും 6,000ത്തിനും ഇടയിൽ ആണെന്നാണ് കണക്കുകൂട്ടൽ. അതിനിടെ, പ്രസിഡൻഷ്യൽ കൗൺസിൽ അന്താരാഷ്ട്ര സമൂഹത്തോട് സഹായം ആവശ്യപ്പെട്ടു. 2,000ത്തിലധികം പേർ മരിച്ചതായും ആയിരക്കണക്കിനാളുകളെ കാണാതായതായും കിഴക്കൻ ഭരണകൂടത്തിന്റെ തലവൻ ഒസാമ ഹമദ് പ്രാദേശിക ടെലിവിഷനോട് പറഞ്ഞു. ജനങ്ങൾ ഉറങ്ങിക്കിടക്കുമ്പോഴായിരുന്നു ദുരന്തം. കഴിഞ്ഞ ആഴ്ച ഗ്രീസിൽ ആഞ്ഞടിച്ച ശേഷം 'ഡാനിയൽ' കൊടുങ്കാറ്റ് മെഡിറ്ററേനിയൻ കടലിലും പിന്നീട് ഡെർണയിലും നാശം വിതക്കുകയായിരുന്നു. ലിബിയയിലെ രണ്ടാമത്തെ വലിയ നഗരമായ ബെൻഗാസിയിലും കൊടുങ്കാറ്റ് ദുരിതം വിതച്ചിട്ടുണ്ട്. തിരച്ചിലും രക്ഷാപ്രവർത്തനവും തുടരുകയാണെന്ന് അധികൃതർ അറിയിച്ചു. നഗരത്തിനടുത്തുള്ള താഴ്‌വരയിലെ വീടുകൾ തകർന്നെങ്കിലും കുടുംബത്തോടൊപ്പം പലായനം ചെയ്യാൻ കഴിഞ്ഞതായി ഡെർന നിവാസിയായ സലേഹ് അൽ ഒബൈദി പറഞ്ഞു. ഡെർനയുടെ പടിഞ്ഞാറ് യുനെസ്കോയുടെ പൈതൃക പട്ടികയിലുള്ള പുരാവസ്തു സൈറ്റായ സിറീൻ സ്ഥിതിചെയ്യുന്ന തുറമുഖ പട്ടണമായ സോസിക്കും ഷാഹത്തിനും ഇടയിൽ കനത്ത നാശനഷ്ടമുണ്ടായിട്ടുണ്ട്. ലിബിയയുടെ കിഴക്കൻ പാർലമെന്റ് മൂന്ന് ദിവസത്തെ ദുഃഖാചരണം പ്രഖ്യാപിച്ചു. ലിബിയയിലെ നാല് പ്രധാന എണ്ണ തുറമുഖങ്ങളായ റാസ് ലനൂഫ്, സുയിറ്റിന, ബ്രെഗ, എസ് സിദ്ര എന്നിവ ശനിയാഴ്ച വൈകുന്നേരം മുതൽ മൂന്ന് ദിവസത്തേക്ക് അടച്ചിട്ടതായി റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു. സ്കൂളുകളും സ്റ്റോറുകളും അടച്ചിടുകയും കർഫ്യൂ ഏർപ്പെടുത്തുകയും ചെയ്ത അധികാരികൾ അതീവ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. അതിനിടെ, കിഴക്കൻ ലിബിയയിലെ ദുരിതബാധിത പ്രദേശങ്ങളിലേക്ക് സഹായം എത്തിക്കാൻ ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനി സർക്കാരിന് നിർദേശം നൽകിയതായി ഖത്തർ സ്റ്റേറ്റ് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.

കനത്ത മഴയെത്തുടർന്ന് തകർന്ന ലിബിയയിലെ റോഡ്

കോഴിക്കോട് നിപ ഭീഷണി; ജാഗ്രതാ നിർദേശം

നിപ വ്യാപന നിരീക്ഷണത്തിന് പതിനാറ് അംഗ ടീമുകൾ രൂപീകരിച്ചു

ആരോഗ്യ മന്ത്രി വീണാ ജോർജ് മാധ്യമങ്ങളെ കാണുന്നു

കോഴിക്കോട്: നിപ വ്യാപന നിരീക്ഷണത്തിന് പതിനാറ് അംഗ ടീമുകൾ രൂപികരിച്ചതായി ആരോഗ്യമന്ത്രി വീണാ ജോർജ്. സാംപിൾ ശേഖരണം, സമ്പർക്ക പട്ടിക തയ്യാറാക്കൽ തുടങ്ങിയ ജോലികൾക്കായാണിതെന്നും മന്ത്രി പറഞ്ഞു. കൺട്രോൾ റൂം പ്രവർത്തനമാരംഭിക്കുമെന്നും ഹെൽപ്പ് ലൈൻ നമ്പറുകൾ സജ്ജമാക്കുമെന്നും ഉന്നതതലയോഗത്തിന് ശേഷം ആരോഗ്യമന്ത്രി കോഴിക്കോട് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ഇന്ന് വൈകീട്ട് വരുന്ന പരിശോധനാഫലം നെഗറ്റീവ് ആകട്ടെ എന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. ആരോഗ്യവകുപ്പ് ഈ കുറഞ്ഞ സമയത്തിനുള്ളിൽ ചെയ്യാവുന്ന എല്ലാ മുന്നൊരുക്കങ്ങളും ചെയ്തിട്ടുണ്ട്. രോഗലക്ഷണങ്ങൾ കണ്ടെത്തിയ സാഹചര്യത്തിൽ ഒട്ടും സമയനഷ്ടം ഇല്ലാതിരിക്കാനാണ് ഇപ്പോഴത്തെ മുൻകരുതലുകൾ. രോഗം സ്ഥിരീകരിക്കപ്പെട്ടാൽ 2018ൽ തയ്യാറാക്കിയതും 2021ൽ പുതുക്കിയതുമായ ചട്ടപ്രകാരമുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തും.

ആശുപത്രി സന്ദർശനം ആവശ്യമെങ്കിൽ മാത്രമേ നടത്താവൂ. രോഗികളെ ആശുപത്രിയിൽ സന്ദർശിക്കുന്നത് പരമാവധി ഒഴിവാക്കണമെന്നും നിപ സംബന്ധിച്ച് ഫെയ്ക് ന്യൂസ് പ്രചരിപ്പിക്കരുതെന്നും മന്ത്രി പറഞ്ഞു. 90വീടുകളിൽ ഇന്നലെ പരിശോധന നടത്തിയിരുന്നു. പനി ബാധിച്ച് മരിച്ചവരുമായി പ്രൈമറി കോൺടാക്ടുള്ള 75 പേരെ കണ്ടെത്തിയതായും മന്ത്രി പറഞ്ഞു.

പനി ബാധിച്ച് ആദ്യം മരിച്ച യാൾ ഒരു സ്വകാര്യ ക്ലിനിക്കിൽ പോയി അതിനുശേഷം മറ്റൊരു സ്വകാര്യ ആശുപത്രിയിലും പോയിരുന്നു. ഏതാണ്ട് സമാനമായ രീതിയിലാണ് രണ്ടാമത്തെ പേഷ്യന്റെ കാര്യത്തിലും സംഭവിച്ചത്. രോഗിയുമായി അടുത്ത സമ്പർക്കം പുലർത്തിയവരെ ഐസോലേഷൻ വാർഡുകളിൽ പ്രവേശിപ്പിക്കും. ചികിത്സ ആവശ്യമുള്ളവരെ മെഡിക്കൽ കോളജിലേക്ക് മാറ്റുമെന്നും മന്ത്രി പറഞ്ഞു.

ജനങ്ങളെ ബോധവത്കരിക്കുക ലക്ഷ്യമിട്ട് മന്ത്രി മുഹമ്മദ് റിയാസിന്റെ നേതൃത്വത്തിൽ കുറ്റ്യാടിയിൽ പ്രാദേശിക യോഗം ചേരും. ഫലം പോസിറ്റിവായാൽ കൃത്യമായ പ്രോട്ടോകോൾ നിലവിൽ വരും.പോസിറ്റിവാണെങ്കിൽ അതിന്റെ പ്രോട്ടോകോൾ അനുസരിച്ചാവും സംസ്കാരച്ചടങ്ങുകൾ നടത്തുകയെന്നും മന്ത്രി പറഞ്ഞു.

നിപ ബാധ സംശയിക്കുന്ന രണ്ടുപേരുടെ സ്രവ പരിശോധനാ ഫലം ചൊവ്വാഴ്ച വൈകിട്ട് ലഭിക്കുമെന്നും മന്ത്രി പറഞ്ഞു. രണ്ട് സ്വകാര്യ ആശുപത്രികളിലായി ചികിത്സയിലിരിക്കെ മരിച്ചവരുടെ സ്രവങ്ങളാണ് പുണെയിലെ വൈറോളജി ലാബിലേക്ക് പരിശോധനക്ക് അയച്ചത്. നിപ സംശയിക്കുന്ന സാഹചര്യത്തിലുള്ള അടിയന്തിര പ്രതിരോധ പ്രവർത്തനങ്ങളുടെ ജാഗ്രതാനിർദേശങ്ങളാണ് ഇപ്പോൾ നടക്കുന്നത്. രോഗികളുമായി സമ്പർക്കം പുലർത്തിയവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പ്രാഥമിക സമ്പർക്കമുണ്ടായവരുടേയും അടുത്ത സമ്പർക്കം പുലർത്തിയവരുടേയും പട്ടികയാണ് തയ്യാറാക്കിയത്. അടുത്ത സമ്പർക്കം പുലർത്തിയ മുഴുവൻ പേരേയും നിരീക്ഷണത്തിലാക്കും. തിങ്കളാഴ്ച മരണമടഞ്ഞ 49 വയസുള്ളയാളുടെ മൃതദേഹം മുൻകരുതലുകളോടെ മോർച്ചറിയിൽ സൂക്ഷിച്ചിരിക്കയാണ്.

സ്രവ പരിശോധനാഫലം വന്നശേഷമേ ഈ മൃതദേഹം സംസ്കരിക്കുവെന്നും കോഴിക്കോട്ട് മാധ്യമപ്രവർത്തകരോട് പറഞ്ഞു. കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രത്യേക വാർഡ് സജ്ജമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. നിപ സ്ഥിരീകരിക്കപ്പെട്ടാൽ വിദഗ്ധ ഡോക്ടർമാരെ ഉൾപ്പെടെ ഇവിടേക്ക് നിയോഗിക്കും.

ആദ്യ മരണമടഞ്ഞയാളും തിങ്കഴാഴ്ച മരിച്ചയാളും തമ്മിൽ ആശുപത്രിയിൽ ഒരു മണിക്കൂറിലേറെ സമ്പർക്കമുള്ളതായി മനസ്സിലാക്കുന്നു. നിപയാണെന്ന് സംശയിക്കാനുള്ള പ്രധാന സാഹചര്യം ഇതാണ്. ലിവർ സിറോസിസ് മൂലമാണ് ഒന്നാമത്തെ മരണം എന്നാണ് കരുതിയിരുന്നത്.

പിന്നീട് ഇയാളുടെ ഒമ്പതുവയസുള്ള മകനും സഹോദരനും പത്തുമാസം മാത്രമുള്ള കുഞ്ഞിനും ഉൾപ്പെടെ നിപാ ലക്ഷണങ്ങൾ കണ്ടെത്തിയതോടെയാണ് ആരോഗ്യവകുപ്പ് മുൻകരുതൽ സ്വീകരിക്കാൻ തുടങ്ങിയത്. സമ്പർക്ക പട്ടിക തയ്യാറാക്കുന്നതിനിടെയാണ് തിങ്കളാഴ്ച വൈകിട്ടോടെ രണ്ടാമത്തെ മരണമുണ്ടായത്.

നിയമസഭയിൽ ഭരണ–പ്രതിപക്ഷ ബഹളം; ക്ഷോഭിച്ച് സ്പീകർ

തിരുവനന്തപുരം: നിയമസഭയിൽ ഭരണ പ്രതിപക്ഷ ബഹളത്തിൽ ക്ഷോഭിച്ച് സ്പീക്കർ എ.എൻ ഷംസീർ. പ്രതിപക്ഷ നേതാവ് വി.ഡി സതീശന്റെ പ്രസംഗത്തിനിടെയാണ് മന്ത്രിമാർ ഉൾപ്പെടെയുള്ള ഭരണപക്ഷം ബഹളംവച്ചത്. ബഹളം നിർത്തണമെന്ന് സ്പീക്കർ പറഞ്ഞിട്ടും മന്ത്രിമാർ കേൾക്കാൻ കൂട്ടാക്കിയില്ല. തുടർന്ന് പ്രതിപക്ഷവും പ്രതിഷേധവുമായി നടുത്തളത്തിലിറങ്ങി. സംസ്ഥാനത്ത് കുട്ടികൾക്കും സ്ത്രീകൾക്കും എതിരായ അതിക്രമങ്ങൾ വർധിക്കുന്നത് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു. തുടർന്ന് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപോയി. ആഭ്യന്തര വകുപ്പ് ഗുഢസംഘത്തിന്റെ നിയന്ത്രണത്തിലാണെന്ന് അൻവർ സാദത്ത് എം.എൽ.എ ആരോപിച്ചു. ഗ്രോ വാസു മുദ്രാവാക്യം വിളിച്ചപ്പോൾ പൊലീസ് വായ് പൊത്തിയെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. സംസ്ഥാനത്ത് ഗുണ്ടകളും ക്രിമിനലുകളും അഴിഞ്ഞാടുന്നുവെന്ന് പ്രതിപക്ഷനേതാവ് കുറ്റപ്പെടുത്തി. വിമർശനം ഉന്നയിക്കുന്നവരുടെ മനോനിലയെ കുറിച്ച് പറയുന്നതിനാണ് ചിലവ് വേണ്ടതെന്ന് വി.ഡി സതീശൻ ആവശ്യപ്പെട്ടു. സെക്രട്ടറിയേറ്റിന്റെ മൂക്കിൻ തുമ്പത്ത് സ്ത്രീകൾക്ക് പകൽ പോലും നടക്കാൻ കഴിയാത്ത സാഹചര്യമാണെന്നും ഒറ്റപ്പെട്ട സംഭവങ്ങൾ കുഞ്ഞുങ്ങൾക്ക് എതിരെ ഉണ്ടായി. ക്രൂരമായ സംഭവങ്ങൾ ആണ് സംസ്ഥാനത്ത് എല്ലായിടത്തും അരങ്ങേറുന്നതെന്ന് പ്രതിപക്ഷ നേതാവ് ഉന്നയിച്ചു. അതിഥി തൊഴിലാളികളുടെ കാര്യത്തിൽ പോലും ഒരു പരിശോധനയും നടക്കുന്നില്ല. ആവശ്യമായ പൊലീസും പട്രോളിങ്ങും ഇല്ലെന്നും പ്രതിപക്ഷ നേതാവ് ആവർത്തിച്ചു.

മഞ്ചേശ്വരം കോഴക്കേസ്; കെ സുരേന്ദ്രൻ അടക്കമുള്ള പ്രതികൾ നേരിട്ട് ഹാജരാകണമെന്ന് കോടതി

കാസർകോട്: മഞ്ചേശ്വരം തെരഞ്ഞെടുപ്പ് കോഴക്കേസിൽ ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രനുൾപ്പെടെ മുഴുവൻ പ്രതികളോടും കോടതിയിൽ നേരിട്ട് ഹാജരാകണമെന്ന് കർശന നിർദേശം പുറപ്പെടുവിച്ച് കാസർകോട് ജില്ലാ സെഷൻസ് കോടതി.

ഈ മാസം 21 ന് കോടതിയിൽ ഹാജരാകണമെന്നാണ് നിർദേശം. ഇതുവരെ പ്രതികളാരും കോടതിയിൽ ഹാജരായിട്ടില്ലെന്നും ഇതനുവദിക്കാൻ കഴിയില്ലെന്നും കോടതി അറിയിച്ചു.കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിലെ ബിഎസ് പി സ്ഥാനാർഥിയായിരുന്ന കെ സുന്ദരയെ തട്ടിക്കൊണ്ടുപോയി തടങ്കലിൽ പാർപ്പിച്ച് ഭീഷണിപ്പെടുത്തി നാമനിർദേശപത്രിക പിൻവലിപ്പിച്ചുവെന്നും കൂടാതെ കോഴയായി രണ്ടരലക്ഷം രൂപയും മൊബൈൽഫോണും നൽകിയെന്നുമാണ് കേസ്.

മുസ്ലിം ലീഗ് ബേപ്പൂർ നിയോജക മണ്ഡലം ശിഹാബ് തങ്ങൾ അനുസ്മരണവും ക്യൂഎം.സി ആദരവും പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

മുസ്‌ലിം ലീഗിന് സമൂഹത്തിന്റെ ഉണർവുകളെ സംഘടിപ്പിച്ചു നിർത്താൻ സാധിച്ചു: സാദിഖലി തങ്ങൾ

ഫറോക്ക്: മുസ് ലിം സമുദായത്തിനകത്തും മതസാമുദായിക സംവിധാനങ്ങൾക്ക് മേൽ ഉള്ള സ്വാധീനവും സാമൂഹികതയും കൊണ്ട് കേരള രാഷ്ട്രീയത്തിലെ നിർണായക സാന്നിധ്യമാകാൻ ലീഗിന് സാധിച്ചിട്ടുണ്ടന്ന് സംസ്ഥാന അദ്ധ്യക്ഷൻ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു.

മുസ്ലിം ലീഗ് ബേപ്പൂർ നിയോജക മണ്ഡലം ശിഹാബ് തങ്ങൾ അനുസ്മരണവും ക്യൂഎം.സി ആദരവും ഉദ്ഘാടനംചെയ്തുസംസാരിക്കുകയായിരുന്നു അദ്ദേഹം. മണ്ഡലം മുസ്ലിം ലീഗ് പ്രസിഡന്റ് കെ.കെ ആലിക്കുട്ടി മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു.ജനറൽ സെക്രട്ടറി എ അഹമ്മദ് കോയ സ്വാഗതം പറഞ്ഞു.എപ 1 ഉണ്ണികൃഷ്ണൻ അനുസ്മരണ പ്രഭാഷണം നടത്തി.

ഖാഇദെ മില്ലത്ത് സെന്റർ ഫണ്ട് കളക്ഷനിൽ ബേപ്പൂർ നിയോജക മണ്ഡലത്തിൽ മികച്ച പ്രകടനം കാഴ്ച്ചവെച്ച പഞ്ചായത്ത്/മുനിസിപ്പൽ,മേഖല കമ്മിറ്റികൾക്കും ശാഖാ ഡിവിഷൻ കമ്മറ്റികൾക്കും ബേപ്പൂർ നിയോജക മണ്ഡലം കമ്മിറ്റിയുടെ ഉപഹാരവും , ക്വാട്ട പൂർത്തിയാക്കിയ മുഴുവൻ കമ്മിറ്റികൾക്കും വേദിയിൽ വെച്ച് ജില്ലാ കമ്മിറ്റിയുടെയും നിയോജക മണ്ഡലം കമ്മറ്റിയുടെയും സർട്ടിഫിക്കറ്റുകൾ അദ്ദേഹം സമ്മാനിച്ചു. എം.സി മായിൻ ഹാജി, ഉമ്മർ പാണ്ടികശാല, എം.എ റസാഖ് മാസ്റ്റർ, ടി.ടി ഇസ്മായിൽ, ഒ.പി നസീർ,എം കുഞ്ഞാമുട്ടി ,യു.പോക്കർ ,പ 1.കെ ജാഫർ,എം.ഐ മുഹമ്മദ്, സഹീർ നല്ലളം, വീരാൻ വേങ്ങാട്ട്, എം.വി ബീരാൻ കോയ ഹാജി, വി.പി അബ്ദുൽ ജബ്ബാർ, ടി.പി സലീം, സി.വി ബാവ ,മജീദ് അമ്പലം കണ്ടി, എൻ.സി അബ്ദുൽ റസാഖ്, അഷറഫ് വേങ്ങാട്ട് , എം.മുഹമ്മദ് കോയ ഹാജി, ടി.പി ആരിഫ് തങ്ങൾ, എൻസി ഹംസക്കോയ, അഡ്വ: കെ.എം ഹനീഫ, പി.കെ അസീസ് മാസ്റ്റർ, എൻ.കെ ബിച്ചിക്കോയ, എം മൊയ്തീൻകോയ, ബി അഷറഫ്, സി നൗഫൽ, ഷഫീഖ് അരക്കിണർ, പി.വി അൻവർ ഷാഫി, അനീസ് തോട്ടുങ്ങൽ, കെ.പി മുഹമ്മദലി, കെ.പി പോക്കർ കുട്ടി, കെ.വി ഷരീഫ്, കെ അബ്ദുൽ റഷീദ്, കെ സി ശ്രീധരൻ, കെ കുമാരൻ, അസീസ് കറുത്തേടത്ത്, നദീർ ബേപ്പൂർ തുടങ്ങിയവർ സംസാരിച്ചു.

മോഷ്ടിച്ച് കടത്തിയ ടൂറിസ്റ്റ് ബസ് അപകടത്തിൽപ്പെട്ടു; ഡ്രൈവർ ഓടി രക്ഷപ്പെട്ടു



അപകടത്തിൽപെട്ട ബസ്

കോഴിക്കോട്: മോഷ്ടിച്ച് കടത്തിയ ടൂറിസ്റ്റ് ബസ് അപകടത്തിൽപ്പെട്ടു. കോഴിക്കോട് അരീക്കോട് സിദ്ദിഖിന്റെ ബസാണ് ഇന്ന് പുലർച്ചെ മോഷണം പോയത്. പുലർച്ചെ ഒന്നരയോടെ അരീക്കോട് നിന്ന് മോഷ്ടിച്ച് കൊയിലാണ്ടിക്ക് കൊണ്ടുപോകുകയായിരുന്ന ടൂറിസ്റ്റ് ബസ് താമരശേരിക്ക് സമീപം കോരങ്ങാട് വച്ചാണ് അപകടത്തിൽപ്പെട്ടത്. അപകടം ഉണ്ടായ ഉടനെ ബസ് റോഡിൽ ഉപേക്ഷിച്ച് മോഷ്ടാവ് ഓടിരക്ഷപ്പെട്ടു. വിവരം അറിഞ്ഞ് സ്ഥലത്തെത്തിയ താമരശേരി ട്രാഫിക് പൊലീസാണ് ബസിന്റെ ഉടമയായ സിദ്ദിഖിനെ വിവരം അറിയിക്കുന്നത്. അപ്പോഴാണ് ബസ് മോഷണം പോയ കാര്യം സിദ്ദിഖ് അറിയുന്നത്. ബസിന് യാതൊരു തരത്തിലുള്ള സാമ്പത്തിക ബാധ്യതയുമില്ലെന്ന് ഉടമയായ സിദ്ദിഖ് പറഞ്ഞു. സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചാൽ മോഷ്ടാവിനെ കണ്ടെത്താൻ കഴിയുമെന്നും സിദ്ദിഖ് പറയുന്നു. പുലർച്ചെ മൂന്ന് മണിയോടെയാണ് അപകടത്തിൽപ്പെട്ട ബസ് ക്രെയിൻ ഉപയോഗിച്ച് മാറ്റി റോഡിലുണ്ടായിരുന്ന ഗതാഗതടസം നീക്കിയത്.

വീടിന്റെ വാതിൽ ചവിട്ടിപ്പൊളിച്ച് അകത്ത് കടന്നു, യുവതിയെ വെട്ടിപ്പരിക്കേൽപ്പിച്ചു; 22കാരൻ അറസ്റ്റിൽ

തൊടുപുഴ: ഇടുക്കി നെടുങ്കണ്ടത്ത് യുവതിയെ വീട്ടിൽ കയറി വെട്ടിപ്പരിക്കേൽപ്പിച്ചു. മുണ്ടിയെരുമ ദേവഗിരി സ്വദേശിയായ 21 കാരിയെയാണ് പാമ്പാടുംപാറ സ്വദേശി കാളിവിലാസം വിജിത്ത് (22) വീട്ടിൽ കയറി വെട്ടിപ്പരിക്കേൽപ്പിച്ചത്. സംഭവത്തിൽ യുവാവിനെ പൊലീസ് അറസ്റ്റ് ചെയ്തു. ഇന്ന് വൈകീട്ട് ആയിരുന്നു സംഭവം.പരിക്കേറ്റ യുവതിയെ തേനി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. യുവതി വീട്ടിൽ ഒറ്റയ്ക്കായിരുന്ന സമയത്ത് കതക് ചവിട്ടിപ്പൊളിച്ചാണ് പ്രതി അകത്ത് കടന്നത്. തുടർന്ന് ഇയാൾ യുവതിയെ കടന്നുപിടിക്കാൻ ശ്രമിച്ചു. എതിർത്തപ്പോൾ വാക്കത്തിയെടുത്ത് യുവതിയുടെ കഴുത്തിന് നേരെ വെട്ടുകയായിരുന്നു എന്നാണ് പൊലീസ് പറയുന്നത്.

യുവതി കൈ കൊണ്ട് ആക്രമണം ചെറുക്കാൻ ശ്രമിച്ചപ്പോൾ കൈവിരലുകൾക്ക് പരിക്കേറ്റു. പ്രാണരക്ഷാർത്ഥം വീട്ടിൽ നിന്നും പുറത്തേക്ക് ഓടിയ യുവതിയെ പ്രതി പിന്തുടർന്നു. നിലവിളി കേട്ട് ഓടിയെത്തിയ നാട്ടുകാരാണ് യുവതിയെ പ്രതിയിൽ നിന്ന് രക്ഷിച്ചത്. തുടർന്ന് ഇയാളെ നാട്ടുകാർ പിടികൂടി തടഞ്ഞുവെച്ചു. വിവരമറിഞ്ഞ് സ്ഥലത്തെത്തിയ നെടുങ്കണ്ടം പൊലീസിന് പ്രതിയെ കൈമാറി.ഇയാൾ മുൻപും ഇത്തരത്തിൽ സ്ത്രീകളെ ആക്രമിക്കാൻ ശ്രമിച്ചിട്ടുണ്ടെന്നാണ് ആരോപണം.

ബംഗാൾ ഉൾക്കടലിൽ രണ്ട് ചക്രവാതച്ചുഴികൾ; കേരളത്തിൽ വീണ്ടും മഴ കനക്കും; മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് വീണ്ടും മഴ ശക്തമായേക്കും. കേരളത്തിൽ അടുത്ത അഞ്ച് ദിവസം മഴ ശക്തമായി തുടരുമെന്നാണ് കാലാവസ്ഥ വകുപ്പ് അറിയിച്ചിട്ടുള്ളത്. ഇന്ന് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

രണ്ട് ചക്രവാതച്ചുഴി ഒന്നിച്ച് നിലനിൽക്കുന്നതാണ് കേരളത്തിൽ മഴ വീണ്ടും കനക്കാൻ ഇടയാക്കുന്നത്. വടക്ക് പടിഞ്ഞാറൻ മധ്യ പ്രദേശിന് മുകളിലായി ഒരു ചക്രവാതചുഴി സ്ഥിതി ചെയ്യുന്നുണ്ട്. മ്യാന്മാർ തീരത്തിനു സമീപം മധ്യ കിഴക്കൻ ബംഗാൾ ഉൾക്കടലിലും ചക്രവാതചുഴി സ്ഥിതിചെയ്യുന്നു. ഈ ചക്രവാതചുഴി വടക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദമായി ശക്തി പ്രാപിക്കാൻ സാധ്യതയുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളത്തിൽ അടുത്ത അഞ്ചു ദിവസം മിതമായ/ ഇടത്തരം രീതിയിലുള്ള മഴയ്ക്ക് സാധ്യതയെന്നാണ് അറിയിപ്പ്. ഇന്ന് സംസ്ഥാനത്ത് മൂന്നു ജില്ലകളിൽ യെല്ലോ അലർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. എറണാകുളം, ഇടുക്കി, മലപ്പുറം ജില്ലകളിലാണ് മഞ്ഞ ജാ?ഗ്രതാ നിർദേശം.

മത്സ്യത്തൊഴിലാളി മുന്നറിയിപ്പ്

12-09-2023: തെക്കൻ ശ്രീലങ്കൻ തീരത്തിന്റെ തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിന്റെ മധ്യ ഭാഗങ്ങൾ, തെക്കൻ തമിഴ്നാട് തീരം, ഗൾഫ് ഓഫ് മന്നാർ അതിനോട് ചേർന്ന കന്യാകുമാരി തീരം എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിന് സാധ്യത. തെക്ക് കിഴക്കൻ ബംഗാൾ ഉൾക്കടൽ അതിനോട് ചേർന്നുള്ള മധ്യ കിഴക്കൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യത

കേരളത്തിൽ ഐഎസ് മോഡൽ സംഘടന; 'പെറ്റ് ലവേഴ്സ്' എന്ന പേരിൽ ടെലിഗ്രാം ഗ്രൂപ്പ്

ക്ഷേത്രങ്ങൾ കൊള്ളയടിക്കാൻ പദ്ധതിയിട്ടെന്നും വെളിപ്പെടുത്തൽ

കൊച്ചി: കേരളത്തിൽ ഐഎസ് മോഡൽ തീവ്രവാദ സംഘടന രൂപീകരിക്കാൻ ശ്രമിച്ചുവെന്ന് വെളിപ്പെടുത്തൽ.

ഇതിനായി പെറ്റ് ലവേഴ്സ് എന്ന പേരിൽ ടെലിഗ്രാം ഗ്രൂപ്പ് ആരംഭിച്ചു. ചെന്നൈയിൽ പിടിയിലായ ഐഎസ് തൃശൂർ മൊഡ്യൂൾ നേതാവ് സയീദ് നബീൽ അഹമ്മദ് ആണ് ഇക്കാര്യം എൻഐഎയോട് വെളിപ്പെടുത്തിയത്. പണത്തിനായി തൃശൂരും പാലക്കാടുമുള്ള ക്ഷേത്രങ്ങൾ കൊള്ളയടിക്കാനും പദ്ധതിയിട്ടതായി നബീൽ എൻഐഎയ്ക്ക് മൊഴി നൽകിയിട്ടുണ്ട്. ഈ മാസം ആറുനാണ് നബീലിലെ ചെന്നൈയിൽ നിന്നും എൻഐഎ പിടികൂടുന്നത്.

വ്യാജ യാത്രാരേഖകളുമായി നേപ്പാളിലേക്ക് കടക്കാനുള്ള ശ്രമത്തിനിടെയാണ് പിടിയിലാകുന്നത്. ഐഎസ് മോഡലിൽ കേരളം കേന്ദ്രീകരിച്ച് തീവ്രവാദ സംഘടന രൂപീകരിക്കാനാണ് ലക്ഷ്യമിട്ടത്. ഇതിന്റെ തൃശൂർ മൊഡ്യൂളിന്റെ ചുമതലക്കാരനായിരുന്നു നബീൽ.

ടെലഗ്രാം ഗ്രൂപ്പിലൂടെ ആളുകളെ തീവ്രവാദ സംഘത്തിലേക്ക് ആളുകളെ റിക്രൂട്ട് ചെയ്യാനും, അവർക്ക് പരിശീലനം നൽകാനുമാണ് പദ്ധതിയിട്ടത്. ഇതിനുള്ള പണം കണ്ടെത്താനായി തൃശൂരിലെയും പാലക്കാട്ടെയും ക്ഷേത്രങ്ങൾ കൊള്ളയടിക്കാൻ പദ്ധതി തയ്യാറാക്കി. കൂടാതെ ഇതര സമുദായങ്ങളിൽപ്പെട്ട നേതാക്കളെ വധിക്കാനും പദ്ധതിയിട്ടു.

ക്രൈസ്തവ സമൂഹത്തിലെ ചില പുരോഹിതർ ഉൾപ്പെടെ ഈ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു എന്നാണ് നബീൽ ചോദ്യം ചെയ്യലിൽ മൊഴി നൽകിയിട്ടുള്ളത്. കേരളത്തിലെ പ്രധാന നഗരങ്ങളിൽ ഭീകരാക്രമണം നടത്താനും സംഘം പദ്ധതിയിട്ടു. പാലക്കാടും തൃശൂരും വെച്ചാണ് ഗൂഢാലോചന നടന്നതെന്നും എൻഐഎ വെളിപ്പെടുത്തിയിരുന്നു.

മൊഡ്യൂളുമായി ബന്ധപ്പെട്ട് മൂന്നുപേരെ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. ഇതിൽ ഭാഗമായിരുന്ന മറ്റുള്ളവരെ കണ്ടെത്താനായി അന്വേഷണം വ്യാപിപ്പിക്കാനാണ് എൻഐഎയുടെ നീക്കം.

സിനിമാ- നാടക നടൻ വി പരമേശ്വരൻ നായർ അന്തരിച്ചു

ചെന്നൈ: സിനിമാ- നാടക നടൻ വി പരമേശ്വരൻ നായർ അന്തരിച്ചു. 85 വയസ്സായിരുന്നു. പക്ഷാഘാതത്തെത്തുടർന്ന് കുറച്ചുകാലമായി ചികിത്സയിലായിരുന്നു. ചെന്നൈയിലെ സ്വകാര്യ ആശുപത്രിയിൽ വെച്ചായിരുന്നു അന്ത്യം. തൃശ്ശൂർ വടക്കാഞ്ചേരി മുണ്ടത്തിക്കോട് വടക്കൂട്ട് കുടുംബാംഗണ്. അഞ്ചുപതിറ്റാണ്ടിലധികമായി പരമേശ്വരൻ നായർ ചെന്നൈയിൽ സ്ഥിരതാമസമാണ്. ഏതാനും വർഷം പട്ടാളത്തിൽ സേവനം അനുഷ്ഠിച്ച അദ്ദേഹം 1968 മുതൽ 1991 വരെ കേന്ദ്രസർക്കാർ സ്ഥാപനമായ ഐഡിപിഎലിലും ജോലി ചെയ്തു. വിരമിച്ചശേഷം നാടകപ്രവർത്തനം, മലയാളിസംഘടനാപ്രവർത്തനം, രാഷ്ട്രീയപ്രവർത്തനം തുടങ്ങി പൊതുപ്രവർത്തനരംഗത്ത് സജീവമായിരുന്നു. മദിരാശി കേരളസമാജം ഉൾപ്പെടെ ഒട്ടേറെ സംഘടനകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സിനിമ, സീരിയൽ, നാടകം, പരസ്യചിത്രം തുടങ്ങിയവയിൽ അഭിനയിച്ചിട്ടുണ്ട്. സന്തോഷ് ശിവൻ സംവിധാനം ചെയ്ത 'അനന്തഭദ്രം' എന്ന സിനിമയിലെ വെളിച്ചപ്പാടിന്റെ വേഷം ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. സന്തോഷ് ശിവന്റെ ഇംഗ്ലീഷ് ചിത്രത്തിലും പ്രധാന വേഷം ചെയ്തു. ദൂരദർശനിലും സ്വകാര്യ ടെലിവിഷൻ സീരിയലുകളിലും അഭിനയിച്ചിട്ടുണ്ട്. കേരള സംഗീതനാടക അക്കാദമിയുടെ പ്രഥമഗുരുപൂജ പുരസ്കാരം പരമേശ്വരൻ നായർക്കാണ് ലഭിച്ചത്.

അയോഗ്യനാക്കിയ നടപടിക്ക് ഹൈക്കോടതി സ്റ്റേ, കാലിക്കറ്റ് സർവകലാശാല യോഗത്തിൽ അമീൻ റാഷിദും

കോഴിക്കോട്: കാലിക്കറ്റ് സർവകലാശാലയിൽ എംഎസ്എഫ് സെനറ്റ് അംഗം അമീൻ റാഷിദിനെ അയോഗ്യനാക്കിയ നടപടി ഹൈക്കോടതി സ്റ്റേ ചെയ്തു. കാലിക്കറ്റ് യൂണിവേഴ്സിറ്റി രജിസ്ട്രാർ നടപടി ഹൈക്കോടതിയാണ് സ്റ്റേ ചെയതത്. സെനറ്റ് അംഗമെന്ന പദവിയിൽ തുടരാൻ അമീൻ റാഷിദിന് അനുമതി നൽകി. മാനദണ്ഡങ്ങൾ പാലിച്ചില്ലെന്ന് കാണിച്ചായിരുന്നു അമീൻ റാഷിദിനെതിരെ രജിസ്ട്രാർ നടപടിയുണ്ടായത്. എസ്എഫ്ഐയുടെ പരാതിയിലാണ് രജിസ്ട്രാർ നടപടി. അതിനിടെ, കാലിക്കറ്റ് സർവകലാശാല സെനറ്റ് യോഗം തുടങ്ങി. അയോഗ്യനാക്കിയ അമീൻ റാഷിദും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. കെപി സർവകലാശാല രജിസ്ട്രാർ പങ്കെടുക്കാൻ അനുമതി നൽകിയതിനെ തുടർന്നാണ് അമീൻ പങ്കെടുത്തത്. അതേ സമയം, വിഷയത്തിൽ പ്രതികരണവുമായി എംഎസ്എഫ് രംഗത്തെത്തി. എസ്.എഫ്. ഐയുടെയും സിപിഎം സിന്റിക്കേറ്റിന്റെയും രാഷ്ട്രീയ പകപോക്കലിനേറ്റ തിരിച്ചടിയാണ് സ്റ്റേ ചെയ്ത നടപടിയെന്ന് എംഎസ്എഫ് പറഞ്ഞു. കോടതി വിധി മാനിച്ചില്ലങ്കിൽ സെനറ്റ് യോഗം തടയുമെന്നും എംഎസ്എഫ് പ്രതികരിച്ചിരുന്നു. യുഡിഎഫ് ഭരിക്കുന്ന പാലക്കാട് തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ രണ്ട് വർഷമായി പ്രൊജക്റ്റ് അസിസ്റ്റൻറ് തസ്തികയിൽ ജോലി ചെയ്തു വരികയായിരുന്നു അമീൻ. 2021ൽ പഞ്ചായത്തിലെ പ്രൊജക്റ്റ് അസിസ്റ്റൻറ് തസ്തികയിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ച അമീൻ റാഷിദിന് പിന്നീട് കരാറടിസ്ഥാനത്തിൽ നിയമനം നൽകി പഞ്ചായത്ത് ഉത്തരവിറക്കിയിരുന്നു. ഇതു സംബന്ധിച്ച രേഖകളും പുറത്ത് വന്നു. മാസശമ്പളം കൈപ്പറ്റി കരാറിടസ്ഥാനത്തിൽ ജോലി ചെയ്തയാൾ എങ്ങനെയാണ് വിദ്യാർത്ഥി പ്രതിനിധിയായി മത്സരിക്കുക എന്നാണ് എസ് എഫ് ഐയുടെ ചോദ്യം. തുടർന്നാണ് യൂണിവേഴ്സിറ്റി രജിസ്ട്രാർ നടപടിയെടുത്തത്.

കാറപകടത്തിൽ സുഷുമ്നാ നാഡിക്ക് പരിക്ക്; യുവാവിന് ഒരു കോടി രൂപ നഷ്ടപരിഹാരം നൽകാൻ വിധി

തൃശ്ശൂർ: വാഹനാപകടത്തെത്തുടർന്ന് സുഷുമ്നാനാഡിക്ക് പരിക്കേറ്റ് അരയ്ക്കു താഴെ തളർന്ന യുവാവിന് ഒരു കോടി രൂപ നഷ്ടപരിഹാരം നൽകാൻ ഉത്തരവ്.

മലപ്പുറം എടപ്പാൾ പാലയ്ക്കൽ അബ്ദുൾറസാക്കിന്റെ മകൻ റംഷാദിനാണ് ദി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി നഷ്ടപരിഹാരം നൽകേണ്ടത്. തൃശ്ശൂർ എംഎസിടി കോടതി ജഡ്ജി പി ശബരീനാഥന്റേതാണ് വിധി.

2018ലാണ് റംഷാദിന് അപകടമുണ്ടായത്. കൂട്ടുകാരോടൊപ്പം മൂന്നാറിലേക്ക് വിനോദയാത്ര പോകവേ വണ്ടൻമേടുവെച്ച് കാർ കൊക്കയിലേക്ക് മറിഞ്ഞു. രണ്ടുപേർ മരിച്ചു. റംഷാദിന് ഗുരുതരമായി പരിക്കേറ്റു. നഷ്ടപരിഹാരം ആവശ്യപ്പെട്ട് റംഷാദ് കോടതിയെ സമീപിക്കുകയായിരുന്നു.

റംഷാദിന് 100 ശതമാനം അംഗവൈകല്യമുണ്ടെന്ന് തൃശ്ശൂർ മെഡിക്കൽ കോളജിലെ മെഡിക്കൽ ബോർഡ് റിപ്പോർട്ട് നൽകി. കോടതി ആവശ്യപ്പെട്ട തനുസരിച്ച് റംഷാദിനെ കോടതിയിൽ നേരിട്ടെത്തിച്ചു.

ദയനീയാവസ്ഥ മനസ്സിലാക്കിയ ജഡ്ജി കോടതിച്ചെലവും പലിശയുമടക്കം ഒരുകോടി നഷ്ടപരിഹാരം നൽകാൻ വിധിച്ചു.

കൊച്ചിയിൽ ഒരു കുടുംബത്തിലെ നാലുപേർ മരിച്ച നിലയിൽ

കൊച്ചി: കടമക്കുടിയിൽ ഒരു കുടുംബത്തിലെ നാലുപേരെ മരിച്ച നിലയിൽ കണ്ടെത്തി. കടമക്കുടി സ്വദേശി നിജോയും ഭാര്യ ശിൽപയും രണ്ടുകുട്ടികളുമാണ് മരിച്ചത്.

ഇന്ന് രാവിലെ വീട്ടിൽ ഇവരെ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. ആത്മഹത്യയെന്നാണ് പ്രാഥമിക നിഗമനം.

നിജോയും ഭാര്യയും തൂങ്ങി മരിച്ച നിലയിലും മക്കളായ എയ്ഞ്ചലും ആരോണും വിഷം കഴിച്ച് മരിച്ച നിലയിലുമാണ് കണ്ടെത്തിയത്. സാമ്പത്തിക ബാധ്യതയാണ് ആത്മഹത്യയിലേക്ക് നയിച്ചതെന്നും വിവരങ്ങൾ ഉണ്ട്. വിദേശത്ത് ജോലി ചെയ്തിരുന്ന ശിൽപ ദിവസങ്ങൾക്ക് മുൻപാണ് നാട്ടിലെത്തിയത്.ഇൻക്വസ്റ്റ് നടപടികൾക്ക് ശേഷം മൃതദേഹം പറവൂർ താലൂക്ക് ആശുപത്രിയിലേക്ക് മാറ്റി.

ഭർത്താവിനൊപ്പം സഞ്ചരിച്ച യുവതിയേയും കുഞ്ഞിനേയും തട്ടിക്കൊണ്ടുപോയി; പിന്നിൽ കാമുകനെന്ന് സൂചന

പത്തനംതിട്ട: തിരുവല്ലയിൽ ഭർത്താവിനൊപ്പം സഞ്ചരിച്ച യുവതിയെയും കുഞ്ഞിനെയും തട്ടിക്കൊണ്ടുപോയതായി പരാതി.

തിരുവല്ല തിരുമൂലപുരത്ത് ഇന്നലെ രാത്രി 11 മണിക്കായിരുന്നു സംഭവം. ഭർത്താവിനൊപ്പം ബൈക്കിൽ പോകുമ്പോൾ കാർ കുറുകെ നിർത്തിയാണ് ഇരുവരെയും തട്ടിക്കൊണ്ടുപോയി എന്നാണ് പരാതിയിൽ പറയുന്നത്.

തട്ടിക്കൊണ്ടുപോകലിന് പിന്നിൽ യുവതിയുടെ കാമുകനാണെന്നാണ് സൂചന. ഭർത്താവ് തിരുവല്ല തിരുമൂലപുരം സ്വദേശി സന്തോഷിന്റെ പരാതിയിൽ ചെങ്ങന്നൂർ സ്വദേശി പ്രിന്റോ പ്രസാദിനെതിരെ പൊലീസ് കേസെടുത്തിട്ടുണ്ട്. തിരുവല്ല പൊലീസ് അന്വേഷണം ആരംഭിച്ചു.

പ്രിന്റോ പ്രസാദും സുഹൃത്തുക്കളായ മൂന്നുപേരും കൂടിയാണ് യുവതിയേയും കുഞ്ഞിനേയും തട്ടിക്കൊണ്ടുപോയതെന്നാണ് പൊലീസിന് ലഭിച്ച വിവരം. കൊറ്റൂർ പാലത്തിന് സമീപത്തിന് സമീപത്തെ തട്ടുകടയിൽ സന്തോഷും കുടുംബവും ഭക്ഷണം കഴിച്ചു. തുടർന്ന് ഇരുചക്ര വാഹനത്തിൽ പോകവെ കാളച്ചന്തയ്ക്ക് സമീപം വെച്ചായിരുന്നു അക്രമം.

വാഹനത്തിൽ കാത്തു നിന്ന സംഘം ബൈക്ക് തടയുകയും, സന്തോഷിനെ ബലമായി പിടിച്ചു വെക്കുകയും ചെയ്തു. തുടർന്ന് യുവതിയുടെ കയ്യിലുണ്ടായിരുന്ന മൂന്നു വയസ് പ്രായമുള്ള കുട്ടിയെ ബലമായി കാറിലേക്ക് മാറ്റി. പിന്നാലെ കത്തികാട്ടി ഭീഷണിപ്പെടുത്തി യുവതിയേയും കാറിൽ കയറ്റി കൊണ്ടുപോയെന്നും സന്തോഷ് പരാതിയിൽ വ്യക്തമാക്കുന്നു.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് ജോയ്ആലുക്കാസ് നൽകിയ വീടുകൾ നവീകരിക്കുന്നു

കാസർകോട്: ജില്ലയിലെ എൻമകജെ പഞ്ചായത്തിൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ജോയ് ആലുക്കാസ് ഫൗണ്ടേഷൻ നിർമിച്ചു നൽകിയ വീടുകൾ നവീകരിക്കുന്നു.

ദുരിത ബാധിതർക്കായി സർക്കാർ അനുവദിച്ച അഞ്ചേക്കർ സ്ഥലത്ത് 2019ൽ പൂർത്തീകരിച്ച 36 വീടുകളാണ് നവീകരിച്ചു നൽകുന്നത്. ദുരിതബാധിതരായ ജനങ്ങൾക്ക് തണലൊരുക്കുന്നതിനായി ജോയ്ആലുക്കാസ് നൽകിയ സഹായം ഒട്ടനവധി പ്രശംസ നേടിയിരുന്നു. നിശ്ചയിച്ച സമയത്തുതന്നെ പൂർത്തീകരിച്ച 36 വീടുകളുടെ താക്കോൽ സത്യസായി ട്രസ്റ്റിന് കൈമാറിയെങ്കിലും വീടുകൾ ദുരിതബാധിതർക്ക് നൽകുന്നതിൽ കാലതാമസം വന്നിരുന്നു. ഇതിനിടെ വീടുകളിൽ കാടുകയറുകയും വാതിലുകൾക്കും ജനലുകൾക്കും കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. അറ്റകുറ്റപ്പണികൾക്കായി ഇരുപത്തിയഞ്ചു ലക്ഷം രൂപയാണ് കണക്കാക്കുന്നത്.

ജോയ്ആലുക്കാസ് ഫൗണ്ടേഷന്റെ സാമൂഹിക പ്രതിബദ്ധത വിഭാഗത്തിൽ നിന്നും രണ്ടരകോടി രൂപ ചിലവിട്ടാണ് സത്യസായി ട്രസ്റ്റിന്റെ സായിപ്രസാദം പദ്ധതിയിലൂടെ ജോയ്ആലുക്കാസ് വില്ലേജ് നിർമിച്ചു നൽകിയത്. 456 ചതുരശ്രയടി വിസ്തീർണമുള്ള വീടും അനുബന്ധ സൗകര്യങ്ങളും വീടുകളിലേക്കുള്ള വഴിയും ജോയ് ആലുക്കാസ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നിർമിച്ചുനൽകിയിരുന്നു. ഇതുകൂടാതെ മറ്റനവധി സന്നദ്ധ പ്രവർത്തനങ്ങളും ജോയ്ആലുക്കാസ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

സോളാർ പീഡന കേസ്; ദല്ലാൾ നന്ദകുമാറിൻറെ പരാമർശം സർക്കാരിനെയും വെട്ടിലാക്കി

തിരുവനന്തപുരം: സോളാർ പീഡന കേസിലെ പരാതിക്കാരിയുടെ കത്ത് പുറത്ത് വിട്ടത് സിപി.എം നേതാക്കളുടെ സമ്മർദ്ദം മൂലമാണെന്ന സി.ബി.ഐ റിപ്പോർട്ടിലെ ദല്ലാൾ നന്ദകുമാറിൻറെ പരാമർശം സർക്കാരിനെയും വെട്ടിലാക്കി. കേസന്വേഷണം സി.ബി.ഐക്ക് വിട്ടതിന് പിന്നിൽ രാഷ്ട്രീയ താൽപര്യമാണെന്ന യു.ഡി.എഫ് ആരോപണം ശക്തമാക്കുന്നതിന് ഇത് ഇടയാക്കും. പ്രതിപക്ഷം ആവശ്യപ്പെട്ടാൽ കേസ് സി.ബി.ഐക്ക് വിട്ടതിൽ ക്രിമിനൽ ഗൂഢാലോചനയുണ്ടോയെന്ന് അന്വേഷിക്കാമെന്നാണ് സർക്കാർ നിലപാട്. അതു പ്രകാരം പ്രതിപക്ഷം ഇനി സർക്കാരിന് രേഖാമൂലം കത്ത് നൽകുമോയെന്നതാണ് ചോദ്യം.പരാതിക്കാരിയുടെ കത്ത് പുറത്ത് വരുന്നത് എൽ.ഡി.എഫിനെ സഹായിക്കുമെന്നും അതിനായി സി.പി.എം നേതാക്കൾ സമ്മർദ്ദം ചെലുത്തിയെന്നും നന്ദകുമാർ വിശദീകരിച്ചുവെന്നാണ് സി.ബി.എ റിപ്പോർട്ടിൽ പറയുന്നത്. പരാതിക്കാരി പോലീസിന് സമീപിച്ചതും പിന്നീട് സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ടതും നന്ദകുമാർ പറഞ്ഞിട്ടാണെന്നും സി.ബി.ഐ റിപ്പോർട്ടിലുണ്ട്. മുഖ്യമന്ത്രി പിണറായി വിജയന് പരാതി നൽകാനായി പരാതിക്കാരിക്ക് അനുമതി എടുത്ത് നൽകിയതും നന്ദകുമാറാണെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നു. റിപ്പോർട്ടിലെ ഈ പരാമർശങ്ങളെ മുഖ്യമന്ത്രി നിയമസഭയിൽ നിഷേധിച്ചെങ്കിലും പ്രതിപക്ഷത്തിന് മികച്ച ആയുധമാണ്. മുഖ്യമന്ത്രിക്കെതിരെ ക്രിമിനൽ ഗൂഢാലോചന ആരോപിക്കാൻ പ്രതിപക്ഷത്തെ സഹായിക്കുന്നതും റിപ്പോർട്ടിലെ ഈ വാചകങ്ങളാണ്. സി.ബി.ഐ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ക്രിമിനൽ ഗൂഢാലോചന സി.ബി.ഐയെ കൊണ്ട് തന്നെ അന്വേഷിപ്പിക്കണമെന്ന ആവശ്യം പ്രതിപക്ഷം ഇനിയും ശക്തിപ്പെടുത്തിയേക്കാം.

ആറുമാസംകൊണ്ട് 9,800 കോടി രൂപയുടെ കടം തിരിച്ചടയ്ക്കാമെന്ന് ബൈജൂസ്

ആറുമാസത്തെ സാവകാശം അനുവദിച്ചാൽ 120 കോടി ഡോളറിന്റെ (ഏകദേശം 9,800 കോടി രൂപ) കടം തിരിച്ചടയ്ക്കാമെന്ന വാഗ്ദാനവുമായി പ്രമുഖ എഡ്ടെക് സ്റ്റാർട്ടപ്പായ ബൈജൂസ്. വായ്പാ തിരിച്ചടവ് സംബന്ധിച്ച് ഒരുവർഷത്തോളമായി വായ്പാദാതാക്കളുമായി നിയമപോരാട്ടം നടക്കുന്നതിനിടെയാണ് ബൈജൂസിന്റെ അപ്രതീക്ഷിത തിരിച്ചടവ് പ്രൊപ്പോസലെന്ന് ബ്ലൂംബെർഗ് റിപ്പോർട്ട് ചെയ്തു. 30 കോടി ഡോളർ (2,450 കോടി രൂപ) ആദ്യ മൂന്ന് മാസത്തിനകവും ബാക്കി തുക ശേഷിക്കുന്ന മൂന്നുമാസം കൊണ്ടും വീട്ടാമെന്നാണ് പ്രൊപ്പോസൽ.

ബൈജൂസിന്റെ വാഗ്ദാനം വായ്പാദാതാക്കൾ പരിശോധിക്കുകയാണ്. തിരിച്ചടവിനുള്ള ഫണ്ട് ബൈജൂസ് എങ്ങനെ സമാഹരിക്കുമെന്നതിനെ കുറിച്ചും പരിശോധിക്കും.

വായ്പാദാതാക്കളുമായി ഇതിന് മുമ്പും നിരവധി തവണ തിരിച്ചടവ് സംബന്ധിച്ച് ബൈജൂസ് ചർച്ചകൾ നടത്തിയെങ്കിലും വിജയിച്ചിരുന്നില്ല.

ബൈജു രവീന്ദ്രൻ 2015ലാണ് ഓൺലൈൻ പഠന പരിശീലനത്തിനുള്ള ബൈജൂസ് ലേണിംഗ് ആപ്പ് അവതരിപ്പിച്ചത്.

തിങ്ക് ആൻഡ് ലേൺ എന്ന മാതൃകമ്പനിയുടെ കീഴിലായിരുന്നു ഇത്. ഒരുകാലത്ത് 2,200 കോടി ഡോളർ (1.80 ലക്ഷം കോടി രൂപ) മൂല്യവുമായി ഇന്ത്യയിലെ ഏറ്റവും മൂല്യമേറിയ സ്റ്റാർട്ടപ്പുമായിരുന്നു ബൈജൂസ്. വളർച്ചയുടെ പടവുകൾ അതിവേഗം കയറുന്നതിനിടെ 2021ലാണ് ബൈജൂസ് അമേരിക്കൻ വായ്പാദാതാക്കളിൽ നിന്ന് 5വർഷ വായ്പ എടുത്തത്.

എന്നാൽ, പിന്നീട് വായ്പയുടെ പലിശ വീട്ടുന്നതിലുൾപ്പെടെ വീഴ്ചയുണ്ടായി.

സാമ്പത്തിക പ്രതിസന്ധിയിലേക്ക് വീണ ബൈജൂസ് 202122 സാമ്പത്തിക വർഷം മുതൽക്കുള്ള പ്രവർത്തനഫലം പുറത്തുവിടാനും തയ്യാറായിട്ടില്ല. സാമ്പത്തിക പ്രതിസന്ധിമൂലം 2,000ലേറെ ജീവനക്കാരെ ഇതിനിടെ ബൈജൂസ് പിരിച്ചുവിട്ടു. കമ്പനിയുടെ തലപ്പത്ത് നിന്ന് നിരവധി പേർ രാജിവയ്ക്കുകയും ചെയ്തു.

മഹാരാഷ്ട്രയെ വിഭജിക്കും; മുംബൈയെ കേന്ദ്രഭരണ പ്രദേശമാക്കുകയാണ് പ്രത്യേക പാർലമെന്റ് സമ്മേളനത്തിന്റെ അജണ്ടയെന്ന് കോൺഗ്രസ്

ന്യൂഡൽഹി: മഹാരാഷ്ട്രയെ രണ്ടായി വിഭജിക്കലാണ് പാർലമെന്റിന്റെ പ്രത്യേക സമ്മേളനത്തിന്റെ അജണ്ടയെന്ന് കോൺഗ്രസ്. മഹാരാഷ്ട്രയിൽ നിന്നും മുംബൈയെ അടർത്തിമാറ്റി പ്രത്യേക കേന്ദ്രഭരണപ്രദേശമാക്കി പ്രഖ്യാപിക്കുകയാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നതെന്നും മഹാരാഷ്ട്ര കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ നാനാ പട്ടോളെ ആരോപിച്ചു.

കോവിഡ് മഹാമാരി പടർന്നു പിടിച്ചപ്പോഴോ നോട്ടു നിരോധന സമയത്തോ പ്രധാനമന്ത്രി പ്രത്യേക പാർലമെന്റ് സമ്മേളനം വിളിച്ചിരുന്നില്ല. മണിപ്പൂർ കത്തിയെരിഞ്ഞപ്പോഴും പ്രത്യേക സമ്മേളനം വിളിക്കാൻ കൂട്ടാക്കിയിരുന്നില്ല. സർക്കാരിന്റെ ഇച്ഛയ്ക്കും മനോഭാവത്തിനും അനുസരിച്ചാണ് ഇപ്പോൾ സമ്മേളനം ചേരുന്നത്. പാർലമെന്റിന്റെ പ്രത്യേക സമ്മേളനത്തിൽ മുംബൈയെ കേന്ദ്രഭരണ പ്രദേശമായി പ്രഖ്യാപിക്കുകയും മഹാരാഷ്ട്രയുടെ മറ്റ് ഭാഗങ്ങളിൽ നിന്ന് വേർതിരിക്കുകയും ചെയ്യും. ഗോണ്ട ജില്ലയിൽ മാധ്യമങ്ങളോട് സംസാരിക്കവെ നാനാ പട്ടോളെ ആരോപിച്ചു.

മുംബൈ മഹാരാഷ്ട്രയുടെ മാത്രമല്ല, രാജ്യത്തിന്റെ ആകെ അഭിമാനമാണ്. മുംബൈ അന്താരാഷ്ട്ര നഗരവും രാജ്യത്തിന്റെ സാമ്പത്തിക തലസ്ഥാനവുമാണ്. എയർ ഇന്ത്യ, ഇന്റർനാഷണൽ ഫിനാൻഷ്യൽ സർവീസസ് സെന്റർ, ഡയമണ്ട് മാർക്കറ്റ് തുടങ്ങിയ മുംബൈയിലെ പവർ ഹൗസുകൾ നഗരത്തിന് പുറത്തേക്ക് മാറ്റുകയാണ് പുതിയ തീരുമാനത്തിലൂടെ ലക്ഷ്യമിടുന്നതെന്നും നാനാ പട്ടോളെ പറഞ്ഞു. മുംബൈയിലെ വ്യവസായ സ്ഥാപനങ്ങളെല്ലാം ഗുജറാത്തിലേക്ക് കൊണ്ടുപോകാനാണ് കേന്ദ്രസർക്കാർ നീക്കത്തിന് പിന്നിലെന്നും കോൺഗ്രസ് നേതാവ് കുറ്റപ്പെടുത്തി. ബോംബെ സ്റ്റോക് എക്സ്ചേഞ്ച്, നാഷണൽ സ്റ്റോക് എക്സ്ചേഞ്ച് എന്നിവയെല്ലാം ഗുജറാത്തിലേക്ക് മാറ്റുമെന്നും പട്ടോളെ പറഞ്ഞു. എന്നാൽ ആരോപണങ്ങളുടെ വസ്തുത എന്താണെന്ന് കോൺഗ്രസ് നേതാവ് വ്യക്തമാക്കിയില്ല.

ഈ മാസം 18 മുതൽ 22 വരെയാണ് പാർലമെന്റിന്റെ പ്രത്യേക സമ്മേളനം ചേരുന്നത്. ആദ്യം പാർലമെന്റിന്റെ പഴയ സമ്മേളനത്തിലാകും സിറ്റിങ്. ഗണേശ ചതുർത്ഥി ദിനത്തിൽ പുതിയ പാർലമെന്റ് മന്ദിരത്തിലേക്ക് സമ്മേളനം മാറും. ഇന്ത്യയുടെ പേര് ഭാരതം എന്നാക്കി മാറ്റാനാണ് പാർലമെന്റിന്റെ പ്രത്യേക സമ്മേളനം എന്നായിരുന്നു നേരത്തെ ഉയർന്ന അഭ്യൂഹം. എന്നാൽ പ്രത്യേക പാർലമെന്റ് സമ്മേളനത്തിന്റെ അജണ്ട കേന്ദ്രസർക്കാർ ഇതുവരെ പുറത്തുവിട്ടിട്ടില്ല.

വിഷം നൽകി കടുവകളെ കൊന്നു; തമിഴ്നാട്ടിൽ ഒരാൾ അറസ്റ്റിൽ

ചെന്നൈ: നീലഗിരിയിൽ വിഷം നൽകി രണ്ട് കടുവകളെ കൊന്ന സംഭവത്തിൽ ഒരാൾ അറസ്റ്റിൽ. ശേഖർ എന്നയാളാണ് അറസ്റ്റിലായതെന്ന് വനം വകുപ്പ് അറിയിച്ചു. കടുവകളുടെ ജഡം കണ്ടെത്തിയതിനെ തുടർന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ അന്വേഷണം ആരംഭിച്ചിരുന്നു. സാമ്പിളുകൾ ഫോറൻസിക് പരിശോധനക്ക് അയക്കുകയും ചെയ്തു. വിഷം ഉള്ളിൽ ചെന്നാണ് കടുവകൾ ചത്തതെന്ന് ഫോറൻസിക് റിപ്പോർട്ടിൽ കണ്ടെത്തി. നീലഗിരിയിൽ കഴിഞ്ഞ ഒരു മാസത്തിനിടെ ആറ് കടുവകൾ ചത്തതായി വനം വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു. ശേഖറിന്റെ പശുവിന്റെ ജഡം കണ്ടെത്തിയതിന് പിന്നാലെയാണ് വനം വകുപ്പ് പ്രദേശത്ത് വിശദമായ അന്വേഷണം നടത്തിയിരുന്നു. പശുവിന്റെ ജഡത്തിൽ കീടനാശിനി കലർത്തുകയും അത് കഴിച്ചതിനെ തുടർന്നാണ് കടുവകൾ ചത്തതെന്നുമാണ് വനം വകുപ്പിന്റെ വിശദീകരണം.

കരുത്തുകൂട്ടാൻ ഇന്ത്യാ മുന്നണി; കൂടുതൽ പാർട്ടികളെ കൂടെക്കൂട്ടാൻ ശ്രമം, സെപ്റ്റംബർ 25 നിർണായകം!

ദില്ലി: ബിജെപി നേതൃത്വം നൽകുന്ന എൻഡിഎയ്ക്കെതിരെ 2024 ലോക്സഭാ തെരഞ്ഞെടുപ്പിന് മുമ്പ് ശക്തമായ സഖ്യം നിർമിക്കാനുള്ള നീക്കങ്ങളിൽ 'ഇന്ത്യാ' മുന്നണി (ഇന്ത്യൻ നാഷണൽ ഡവലപ്പ്മെന്റൽ ഇൻക്ലൂസീവ് അലയൻസ്) സജീവം. തെരഞ്ഞെടുപ്പിന് മുമ്പ് കൂടുതൽ പ്രാദേശിക പാർട്ടികൾക്കും ചെറിയ പാർട്ടികൾക്കും മുന്നണിയിലേക്ക് ക്ഷണമുണ്ടായേക്കും എന്നാണ് റിപ്പോർട്ട്.

2014 മുതൽ തുടർച്ചയായി രണ്ട് ടേമുകളിൽ പ്രധാനമന്ത്രിയായ നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള എൻഡിഎ (നാഷണൽ ഡെമോക്രാറ്റിക് അലയൻസ്) സർക്കാരിനെ താഴെയിറക്കാൻ ഇന്ത്യാ മുന്നണിയുടെ കരുത്ത് കൂട്ടാനാണ് അംഗ പാർട്ടികളുടെ നീക്കം. 2024 ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായുള്ള പ്രതിപക്ഷ ഐക്യമാണ് ഇന്ത്യാ മുന്നണി. പേരുകൊണ്ട് ഇതിനകം വലിയ വിവാദമായി മാറിയ ഈ മുന്നണിയിൽ നിലവിൽ 26 പാർട്ടികളാണുള്ളത്. ഇന്ത്യയിൽ ഏറെക്കാലം അധികാരം കയ്യാളിയിട്ടുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസാണ് മുന്നണിക്ക് നേതൃത്വം നൽകുന്നത്. 2023 ജൂൺ 23ന് ബിഹാറിലെ പട്നയിൽ നടന്ന മുന്നണിയുടെ ആദ്യ സമ്മേളത്തിൽ 16 പ്രതിപക്ഷ പാർട്ടികളാണ് പങ്കെടുത്തത്. എന്നാൽ കർണാടകയിലെ ബെംഗളൂരുവിൽ നടന്ന രണ്ടാം യോഗത്തിൽ 10 പാർട്ടുകൾ കൂടി പുതുതായി എത്തിയതോടെ അംഗബലം 26 ആയി. മഹാരാഷ്ട്രയിലെ മുംബൈയിൽ നടന്ന മൂന്നാം യോഗം ഇന്ത്യ മുന്നണിയുടെ സാധ്യതകൾ കൂടുതൽ വിശദമായി ചർച്ച ചെയ്തു.

ഇന്ത്യൻ നാഷണൽ കോൺഗ്രസിന് പുറമെ ഡിഎംകെ, തൃണമൂൽ കോൺഗ്രസ്, ജനതാദൾ യുണൈറ്റഡ്, ശിവസേന (ഉദ്ധവ് താക്കറെ), എൻസിപി, സിപിഎം, സിപിഐ, സമാജ്വാജി പാർട്ടി, ജമ്മു ആൻഡ് കശ്മീർ നാഷണൽ കോൺഫറൻസ്, സിപിഐ, വിടുതലൈ ചിരുതൈകൾ കച്ചി, എഎപി, ഝാർഖണ്ഡ് മുക്തി മോർച്ച, കേരള കോൺഗ്രസ്(എം), ആർഎസ്പി, ആർജെഡി, ആർഎൽഡി, എംഡിഎംകെ, സിപിഐ(എംഎൽ)എൽ, കേരള കോൺഗ്രസ്, അപ്നാ ദൾ (കാമറവാദി), ഓൾ ഇന്ത്യ ഫോർവേഡ് ബ്ലോക്ക്, ജമ്മു കശ്മീർ പീപ്പിൾസ് ഡെമോക്രാറ്റിക് പാർട്ടി, എംഎംകെ, കെഎംഡികെ എന്നീ പാർട്ടികളാണ് ഇന്ത്യാ മുന്നണിയിൽ നിലവിലുള്ളത്. ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് വളരെ മുമ്പു തന്നെ ശിരോമണി അകാലിദൾ, ഇന്ത്യൻ നാഷണൽ ലോക് ദൾ തുടങ്ങിയ പാർട്ടികളെ കൂടെക്കൂട്ടാൻ ഇന്ത്യാ മുന്നണി ശ്രമിക്കുന്നതായാണ് ഇക്കോണോമിക് ടൈംസിൻറെ റിപ്പോർട്ട്. ഇന്ത്യാ മുന്നണിയിലെ പ്രധാനികളിലൊരാളായ ജനതാദൾ യുണൈറ്റഡ് നേതാവും ബിഹാർ മുഖ്യമന്ത്രിയുമായ നിതീഷ് കുമാറും ആർജെഡിയുടെ തേജസ്വിനി യാദവും നാഷണൽ കോൺഫറൻസ് നേതാവ് ഫറൂഖ് അബ്ദുള്ളയും ഹരിയാനയിലെ കൈതാലിൽ സെപ്റ്റംബർ 25ന് ശിരോമണി അകാലിദളുമായി വേദി പങ്കിടുന്നത് ഇതിൻറെ ഭാഗമാണ് എന്നാണ് വിലയിരുത്തൽ. ബിജെപിയുടെ മുൻ സഖ്യകക്ഷിയാണ് അകാലിദൾ. ശിവസേന, തൃണമൂൽ കോൺഗ്രസ്, എസ്പി, എൻസിപി പാർട്ടികളുടെ നേതാക്കളും റാലിയിൽ പങ്കെടുക്കും എന്നാണ് ദേശീയ മാധ്യമങ്ങൾ നൽകുന്ന സൂചന.

കല്യാണം കഴിക്കാൻ സമ്മർദം; ലോങ് ഡ്രൈവ് വാഗ്ദാനം ചെയ്തു; കാമുകിയെ ചുറ്റിക കൊണ്ട് തലയ്ക്കടിച്ച് കൊലപ്പെടുത്തി; ലഫ്റ്റന്റ് കേണൽ അറസ്റ്റിൽ

ഡെറാഡൂൺ: നേപ്പാളി യുവതിയെ കൊലപ്പെടുത്തിയ കേസിൽ ലഫ്റ്റന്റ് കേണൽ അറസ്റ്റിൽ. ഉത്തരാഖണ്ഡിലെ ഡെറാഡൂണിൽ ജോലി ചെയ്യുന്ന ആർമി ലെഫ്റ്റന്റ് കേണൽ രാമേന്ദു ഉപാധ്യായ ആണ് അറസ്റ്റിലായത്. സിർവാൾഗഢ് പ്രദേശത്ത് യുവതിയുടെ മൃതദേഹം സംശയകരമായ സാഹചര്യത്തിൽ കണ്ടെത്തിയതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് പ്രതിയായ കേണൽ പിടിയിലാകുന്നത്.

നേപ്പാൾ സ്വദേശിയായ യുവതിയുമായി രാമേന്ദു വിവാഹേതര ബന്ധം പുലർത്തിയിരുന്നതായി പൊലീസ് പറഞ്ഞു. വിവാഹം കഴിക്കാൻ യുവതി നിർബന്ധിച്ചതാണ് കൊലപാതകത്തിന് കാരണമായതെന്നും പണ്ഡിറ്റ് വാരിയിലെ പ്രേം നഗറിലെ വീട്ടിൽ നിന്നാണ് പ്രതിയെ അറസ്റ്റ് ചെയ്തതെന്നും പൊലീസ് പറഞ്ഞു.

ബംഗളൂരിലെ സിലിഗുരുയിലെ ഒരു ഡാൻസ്ബാറിൽ വച്ചാണ് രാമേന്ദു നേപ്പാൾ സ്വദേശിയായ ശ്രേയ ശർമയെന്ന യുവതിയെ കണ്ടുമുട്ടിയത്. അതിനുശേഷം അവരുടെ ബന്ധം മൂന്നുവർഷത്തോളം തുടർന്നു.

ഡെറാഡൂണിലേക്ക് സ്ഥലം മാറ്റം കിട്ടിയതോടെ രാമേന്ദു യുവതിയെ ഇവിടേക്ക് കൊണ്ടുവന്ന് വാടകയ്ക്ക് ഫ്ലാറ്റ് എടുത്ത് താമസിപ്പിച്ചിരുന്നതായും പൊലീസ് അന്വേഷണത്തിൽ കണ്ടെത്തി.

ശനിയാഴ്ച രാത്രി രാജ്പൂർ റോഡിലെ ക്ലബിൽ വച്ച് രാമേന്ദുവും യുവതിയും മദ്യപിച്ചു. അതിന് പിന്നാലെ ഒരു ലോങ് ഡ്രൈവിന് പോകാമെന്ന് രാമേന്ദു പറഞ്ഞപ്പോൾ യുവതി സമ്മതിക്കുകയും ചെയ്തു. നഗരത്തിലെ വിജനമായ സ്ഥലത്തെത്തിയപ്പോൾ പുലർച്ചെ ഒന്നരയോടെ കാർ നിർത്തിയ ശേഷം കൈയിൽ കരുതിയ ചുറ്റിക കൊണ്ട് നിരവധി തവണ യുവതിയുടെ തലയ്ക്ക് അടിക്കുകയായിരുന്നു.

മരിച്ചെന്ന് ഉറപ്പായ ശേഷം മൃതദേഹം റോഡിൽ ഉപേക്ഷിക്കുകയുമായിരുന്നെന്ന് പൊലീസ് പറഞ്ഞു.

ഇന്ത്യ – ഒമാൻ ബന്ധം ശക്തമാക്കാൻ ജി 20 ഉച്ചക്കോടി സഹായിച്ചു: ഇന്ത്യൻ അംബാസഡർ അമിത് നാരംഗ്

ഇന്ത്യയിൽ നടന്ന ജി20 ഉച്ചകോടിയിലെ ഒമാന്റെ പ്രാതിനിത്യം ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാൻ സഹായിച്ചുവെന്ന് ഇന്ത്യൻ അംബാസഡർ അമിത് നാരംഗ്. ജി 20 ഉച്ചകോടിയുടെ ഫലങ്ങളെയും ഒമാന്റെ ക്രിയാത്മക പങ്കാളിത്തത്തെക്കുറിച്ചും മസ്കത്ത് ഇന്ത്യൻ എംബസിയിൽ നടന്ന വാർത്താ സമ്മേളനത്തിൽ മാധ്യമ പ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം.വിദേശകാര്യം, ടൂറിസം, കൃഷി, സാമ്പത്തികം, തൊഴിൽ, വാണിജ്യം,ആരോഗ്യം തുടങ്ങിയ മന്ത്രിമാരും സ്റ്റേറ്റ് ഓഡിറ്റ് ആൻഡ് എൻവയോൺമെന്റ് അതോറിറ്റി ചെയർപേഴ്സൺമാരുമുൾപ്പെടെയുള്ള സംഘം ഉൽപ്പാദനപരമായ ചർച്ചകളിൽ നേരത്തെ പങ്കെടുത്തിരുന്നു. ജി 20 ഉച്ചക്കോടി വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞതിനെ അഭിനന്ദിക്കുകയും പ്രത്യേക അതിഥിയായി പങ്കെടുക്കാൻ ഒമാനെ ക്ഷണിച്ചതിനു പ്രധാനമന്ത്രിയും സുൽത്താൻറെ വ്യക്തിഗത പ്രതിനിധിയുമായ സയ്യിദ് അസദ് ബിൻ താരിഖ് അൽ സഈദ് നന്ദി അറിയിക്കുകയും ചെയ്തിരുന്നു. ഇന്ത്യയുടെ പ്രസിഡൻസിക്ക് കീഴിലുള്ള ജി20 ഉച്ചകോടി ഉജ്ജ്വല വിജയമായിരുന്നുവെന്നും കഴിഞ്ഞ ഒരു വർഷത്തിനിടെ, ഇന്ത്യയുടെ അധ്യക്ഷതയിലുള്ള ജി20 ഏറ്റവും പ്രധാനപ്പെട്ട ചില ആഗോള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ശ്രമിച്ചുവെന്നും ഇന്ത്യൻ അംബാസഡർ പറഞ്ഞു.

കുറച്ചുനാൾ കാത്തിരിക്കൂ!, പാക് അധീന കശ്മീർ ഇന്ത്യയിൽ ലയിക്കും: കേന്ദ്രമന്ത്രി

ജയ്പൂർ: പാക് അധീന കശ്മീർ ഇന്ത്യയിൽ ലയിക്കുമെന്ന് കേന്ദ്രമന്ത്രി വി കെ സിങ്. കുറച്ചുനാൾ കഴിയുമ്പോൾ പാക് അധീന കശ്മീർ ഇന്ത്യയിൽ സ്വമേധയാ ലയിക്കും.

ഇതിനായി ഇന്ത്യക്കാർ ഇനി കുറച്ചുനാൾ കാത്തിരുന്നാൽ മതിയെന്നും മന്ത്രി പറഞ്ഞു. മുൻ കരസേന മേധാവി കൂടിയായ വി കെ സിങ് രാജസ്ഥാനിൽ ഒരു പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു.പാക് അധീന കശ്മീരിലെ ജനങ്ങൾ തങ്ങളുടെ പ്രദേശത്തെ ഇന്ത്യയിൽ ലയിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതായുള്ള ചോദ്യത്തിന് മറുപടിയായാണ് മന്ത്രി ഇക്കാര്യം പറഞ്ഞത്. അരുണാചൽ പ്രദേശിന്റെ അടക്കം ഇന്ത്യയുടെ ചില ഭാഗങ്ങൾ ഉൾപ്പെടുത്തി ചൈന ഭൂപടം പുറത്തിറക്കിയത് വിവാദമായ പശ്ചാത്തലത്തിലാണ് കേന്ദ്രമന്ത്രിയുടെ വാക്കുകൾ.

പാക് അധീന കശ്മീരിൽ പാകിസ്ഥാൻ സർക്കാരിനെതിരെ വലിയ തോതിലുള്ള പ്രതിഷേധമാണ് നടക്കുന്നത്. പാകിസ്ഥാൻ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതിനിടെയാണ് പ്രതിസന്ധിയുടെ ആക്കംകൂട്ടി പാക് അധീന കശ്മീരിൽ പാകിസ്ഥാൻ സർക്കാരിനെതിരെയുള്ള പ്രതിഷേധ മുദ്രാവാക്യം.

പാകിസ്ഥാൻ നിയമവിരുദ്ധമായി കൈവശം വച്ചിരിക്കുന്ന പാക് അധീന കശ്മീരിനെ ഇന്ത്യ മോചിപ്പിക്കണമെന്നതാണ് അവിടത്തെ ജനങ്ങളുടെ ആവശ്യമെന്ന് എഎൻഐ റിപ്പോർട്ട് ചെയ്യുന്നു.

ബിരിയാണിക്കൊപ്പം അധികം സലാഡ് ചോദിച്ചു; 32കാരനെ ഹോട്ടൽ ജീവനക്കാരും മാനേജറും ചേർന്ന് മർദിച്ച് കൊന്നു

ഹൈദരാബാദ്: ബിരിയാണിക്കൊപ്പം വിളമ്പുന്ന സലാഡ് അധികമായി ചോദിച്ചതിന് യുവാവിനെ ഹോട്ടൽ മാനേജറും ജീവനക്കാരും ചേർന്ന് മർദിച്ചു കൊന്നു.

ഹൈദരാബാദിലെ പഞ്ചഗുട്ടയിലെ മെറിഡിയൻ റെസ്റ്റോറന്റിൽ ഞായറാഴ്ച രാത്രിയാണ് സംഭവം. 32കാരനായ ലിയാഖത്ത് ആണ് കൊല്ലപ്പെട്ടത്.ഉപഭോക്താവും ഹോട്ടൽ ജീവനക്കാരും തമ്മിലുള്ള വാക്കുതർക്കമാണ് കൊലപാതകത്തിൽ കലാശിച്ചത്. സുഹൃത്തുക്കളോടൊപ്പം റെസ്റ്റോറന്റിൽ ബിരിയാണി കഴിക്കാനെത്തിയതായിരുന്നു ലിയാഖത്ത്.

കുറച്ച് അധികം സലാഡ് ആവശ്യപ്പെട്ടതിനെ തുടർന്ന് ഹോട്ടൽ ജീവനക്കാരുമായി തർക്കമുണ്ടായി. തുടർന്ന് തർക്കം രൂക്ഷമാവുകയും അക്രമാസക്തമാവുകയും ചെയ്തു. ഹോട്ടൽ മാനേജർ ഉൾപ്പെടെയുള്ള ജീവനക്കാർ ലിഖായത്തിനെ ക്രൂരമായി മർദിച്ചതായി ദൃക്സാക്ഷികളിൽ ഒരാൾ പറഞ്ഞു. മർദനത്തെ കുറിച്ച് അറിയിക്കാനായി രാത്രി 11 മണിയോടെ ലിയാഖത്ത് പഞ്ചഗുട്ട പൊലീസ് സ്റ്റേഷനിലെത്തി.

എന്നാൽ, കടുത്ത ശ്വാസംമുട്ടലും നെഞ്ചുവേദനയും അനുഭവപ്പെട്ട ലിയാഖത്ത് മിനിറ്റുകൾക്കകം തറയിൽ കുഴഞ്ഞുവീഴുകയായിരുന്നു. ഉടൻ തന്നെ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിച്ചതായി ഡോക്ടർമാർ അറിയിച്ചു. മൃതദേഹം പൊലീസ് പോസ്റ്റ്മോർട്ടത്തിന് അയച്ചിട്ടുണ്ട്. സംഭവത്തിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണെന്ന് പൊലീസ് അറിയിച്ചു.

ബി. ജെ. പി വിരുദ്ധ രാഷ്ട്രീയ പാർട്ടികളുമായി സഖ്യത്തിനൊരുങ്ങി കമലിൻറെ മക്കൾ നീതി മയ്യം

ചെന്നൈ: 2024ലെ പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി ബി.ജെ.പിയെ എതിർക്കുന്ന പാർട്ടികളുമായി രാഷ്ട്രീയ സഖ്യം രൂപീകരിക്കാനൊരുങ്ങി കമൽ ഹാസൻറെ മക്കൾ നീതി മയ്യം(എംഎൻഎം). കോയമ്പത്തൂർ, മധുര, ദക്ഷിണ ചെന്നൈ എന്നീ മൂന്ന് ലോക്സഭാ സീറ്റുകളിലാണ് പാർട്ടി ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് വൃത്തങ്ങൾ അറിയിച്ചു.2019ലെ ലോക്സഭാ തെരഞ്ഞെടുപ്പിലും 2021ലെ നിയമസഭാ തെരഞ്ഞെടുപ്പിലും ഈ മൂന്ന് ലോക്സഭാ മണ്ഡലങ്ങളിൽ എംഎൻഎം മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. പാർട്ടി സ്വീകരിക്കാൻ പോകുന്ന രാഷ്ട്രീയ നടപടികളെക്കുറിച്ച് കമൽഹാസൻ പാർട്ടി ജില്ലാതല പ്രവർത്തകരെ ധരിപ്പിച്ചതായി പാർട്ടി വൃത്തങ്ങൾ ഐഎഎൻഎസിനോട് പറഞ്ഞു.2021 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ, തമിഴ്നാട്ടിലെ മൊത്തം വോട്ട് വിഹിതത്തിന്റെ 3.43 ശതമാനം എംഎൻഎം നേടിയിരുന്നു. ഈ സാഹചര്യത്തിൽ മറ്റ് പാർട്ടിയുമായി സഖ്യം ചേരുന്നത് കൂടുതൽ സീറ്റുകൾ നേടാൻ സഹായിക്കുമെന്ന ധാരണയിലാണ് പാർട്ടി നേതൃത്വം.2024ലെ തെരഞ്ഞെടുപ്പിൽ കുറഞ്ഞത് മൂന്ന് ലോക്സഭാ സീറ്റുകളെങ്കിലും പാർട്ടി ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് സഖ്യങ്ങൾ ആസൂത്രണം ചെയ്യുന്നത്.എന്നിരുന്നാലും, അടുത്ത തെരഞ്ഞെടുപ്പിൽ എംഎൻഎം ഒരിക്കലും ബിജെപിയുമായി സഖ്യമുണ്ടാക്കില്ലെന്ന് പാർട്ടി ഭാരവാഹികൾ ഐഎഎൻഎസിനോട് സ്ഥിരീകരിച്ചു.പാർട്ടി സ്വീകരിച്ച രാഷ്ട്രീയ നിലപാടിനെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനായി എംഎൻഎം യുവ ജനവിഭാഗം സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഇരുചക്രവാഹന റാലി നടത്തും.മികച്ച ഭരണം സംബന്ധിച്ച പാർട്ടിയുടെ നിലപാട് സംബന്ധിച്ച് എല്ലാ നിയമസഭാ മണ്ഡലങ്ങളിലെയും ജനങ്ങളുമായി പാർട്ടി നേതൃത്വം ആശയ വിനിമയം നടത്തും.

സച്ചിനൊപ്പം എത്താൻ ഇനി രണ്ടു സെഞ്ച്വറി മാത്രം, കോഹ്ലിയുടേത് 47 – ാം ശതകം

ന്യൂഡൽഹി: ഏകദിനത്തിൽ സെഞ്ചറികളുടെ എണ്ണത്തിൽ ഇതിഹാസ താരമായ സച്ചിനൊപ്പം എത്താൻ വിരാട് കോഹ്ലിക്ക് വേണ്ടത് ഇനി രണ്ടു ശതകം മാത്രം. ഏഷ്യാ കപ്പിൽ സൂപ്പർ ഫോർ പോരാട്ടത്തിൽ പാകിസ്ഥാനെതിരെ 94 പന്തിൽ 122 റൺസ് നേടിയ കോഹ്ലി തന്റെ ഏകദിന കരിയറിലെ 47–ാം സെഞ്ചറിയാണ് കുറിച്ചത്. സച്ചിന് ഏകദിനത്തിൽ 49 സെഞ്ചറികളാണ് ഉള്ളത്. മൂന്ന് സിക്സിന്റെയും ഒൻപത് ഫോറിന്റെയും അകമ്പടിയോടെയായിരുന്നു കോഹ്ലിയുടെ സംഭാവന. ആക്രമണോത്സുക ബാറ്റിങ്ങാണ് അദ്ദേഹം പുറത്തെടുത്തത്. തുടക്കത്തിൽ ഏറെ ശ്രദ്ധയോടെ ബാറ്റിങ് തുടങ്ങിയ കോഹ്ലി അവസാനം തകർത്താടുന്ന കാഴ്ചയാണ് കണ്ടത്. 84 പന്തിലാണ് തന്റെ 47–ാമത് സെഞ്ചറി കോഹ്‌ലി നേടിയത്. അതിനിടെ ഏകദിനത്തിൽ വേഗത്തിൽ 13000 റൺസ് നേടുന്ന ബാറ്റർ എന്ന പ്രശസ്തിയും കോഹ്‌ലിയെ തേടിയെത്തി. റൺവേട്ടയിൽ സച്ചിൻ (18,426), സംഗക്കാര (14,234), റിക്കി പോണ്ടിങ് (13,704), ജയസൂര്യ (13,430) എന്നിവർക്ക് തൊട്ടുപിന്നിലാണ് കോഹ്‌ലി.പാകിസ്ഥാനെതിരായ മത്സരത്തിൽ കോഹ്ലിയും രാഹുലും ചേർന്ന് 233 റൺസാണ് അടിച്ചുകൂട്ടിയത്. ഏഷ്യാ കപ്പിലെ ഏറ്റവും വലിയ പാർട്ണർഷിപ്പ് ആണിത്.

റൺമഴ തീർത്ത് ഇന്ത്യ

പാകിസ്താനെ 228 റൺസിന് തകർത്തു

വിക്കറ്റ് നേട്ടം ആഘോഷിക്കുന്ന ഇന്ത്യൻ ടീം

കൊളംബോ: ഏഷ്യാകപ്പ് സൂപ്പർ ഫോറിൽ പാകിസ്താനെതിരെ ഇന്ത്യയ്ക്ക് ജയം. 228 റൺസിനാണ് പാകിസ്താനെ ഇന്ത്യ കീഴടക്കിയത്. ഇന്ത്യയ്ക്കെതിരേ മറുപടി ബാറ്റിങ് ആരംഭിച്ച പാകിസ്താന് നാല് വിക്കറ്റ് നഷ്ടമായി.ഇമാം ഉൾ ഹഖ്, ബാബർ അസം, മുഹമ്മദ് റിസ്വാൻ, ഫഖർ സമാൻ എന്നിവരുടെ എന്നിവരുടെ വിക്കറ്റുകളാണ് പാകിസ്താന് നഷ്ടമായത്. മഴമൂലം മത്സരം കുറച്ചുസമയം നിർത്തിവെച്ചിരുന്നു. പാകിസ്താൻ മറുപടി ബാറ്റിങ് നടത്തുമ്പോഴാണ് മഴ പെയ്തത്.ആദ്യം ബാറ്റു ചെയ്ത ഇന്ത്യ നിശ്ചിത ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 356 റൺസെടുത്തു. സെഞ്ചുറി നേടിയ വിരാട് കോലിയും കെ.എൽ.രാഹുലുമാണ് ഇന്ത്യയ്ക്ക് കൂറ്റൻ സ്കോർ സമ്മാനിച്ചത്.പരിക്കിൽ നിന്ന് മോചിതനായി ടീമിൽ തിരിച്ചെത്തിയ രാഹുൽ സെഞ്ചുറിയുമായി വിമർശകരുടെ വായടപ്പിച്ചു. മറുവശത്ത് കോലി അന്താരാഷ്ട്ര ക്രിക്കറ്റിലെ 77-ാം സെഞ്ചുറിയാണ് നേടിയത്. അപരാജിത കൂട്ടുകെട്ടിലൂടെ രാഹുലും കോലിയും അവസാന ഓവറിൽ ടീം സ്കോർ 350 കടത്തി. പാകിസ്താനെതിരേ ഏകദിനത്തിലെ ഇന്ത്യയുടെ ഏറ്റവും ഉയർന്ന സ്കോറാണിത്. ഞായറാഴ്ച മഴകളിമുടക്കിയതിനെത്തുടർന്നാണ് റിസർവ് ദിനമായ ഇന്നത്തേക്ക് മത്സരം മാറ്റിവെച്ചത്.ഞായറാഴ്ച ഇന്ത്യ മികച്ച രീതിയിൽ ബാറ്റുചെയ്യുമ്പോഴാണ് മഴ വില്ലനായി വന്നത്. ഓപ്പണർമാരായ രോഹിത് ശർമയും ശുഭ്മാൻ ഗില്ലും ചേർന്ന് തകർപ്പൻ തുടക്കമാണ് ഇന്ത്യയ്ക്ക് നൽകിയത്. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ് ആരംഭിച്ച ഇന്ത്യയ്ക്ക് വേണ്ടി മികച്ച തുടക്കമാണ് ഓപ്പണർമാരായ ശുഭ്മാൻ ഗില്ലും ചേർന്ന് നൽകിയത്. മോശം പന്തുകൾ പ്രഹരിച്ച് ഇരുവരും സ്കോർ ഉയർത്തി. പേരുകേട്ട പാക് പേസ് നിരയെ ആദ്യം ആക്രമിക്കാൻ തുടങ്ങിയത് ഗില്ലാണ് പിന്നാലെ രോഹിത്തും ഗിയർ മാറ്റി. ഇതോടെ പാകിസ്താൻ പ്രതിരോധത്തിലായി. ഗിൽ 13-ാം ഓവറിൽ അർധസെഞ്ചുറി നേടി. 37 പന്തിൽ നിന്നാണ് താരം അർധസെഞ്ചുറി നേടിയത്. പിന്നാലെ ടീം സ്കോർ 100 കടന്നു.ഗില്ലിന് പുറകേ രോഹിത്തും അർധസെഞ്ചുറി നേടി. 42 പന്തുകളിൽ നിന്നാണ് ഇന്ത്യൻ നായകന്റെ അർധസെഞ്ചുറി പിറന്നത്. പക്ഷേ അർധസെഞ്ചുറി നേടിയ പിന്നാലെ ഇരുവരും പുറത്തായി. രോഹിത്താണ് ആദ്യം വീണത്. 49 പന്തുകളിൽ നിന്ന് ആറ് ഫോറിന്റെയും നാല് സിക്സിന്റെയും സഹായത്തോടെ 56 റൺസെടുത്ത രോഹിത്തിനെ ശദബ് ഖാൻ ഫഹീം അഷറഫിന്റെ കൈയിലെത്തിച്ചു. പിന്നാലെ ഗില്ലും വീണു. 52 പന്തിൽ നിന്ന് 10 ഫോറടക്കം 58 റൺ സെടുത്ത ഗില്ലിനെ ഷഹീൻ അഫ്രീദി സൽമാൻ അലിയുടെ കൈയിലെത്തിച്ചു. ഇതോടെ ഇന്ത്യ 123 ന് രണ്ട് വിക്കറ്റ് എന്ന സ്കോറിലേക്ക് വീണു. ആദ്യ വിക്കറ്റിൽ രോഹിതും ഗില്ലും 121 റൺസാണ് കൂട്ടിച്ചേർത്തത്.

പിന്നാലെ ക്രീസിലൊന്നിച്ച കെ.എൽ.രാഹുലും വിരാട് കോലിയും ശ്രദ്ധാപൂർവം ഇന്നിങ്സ് പടുത്തുയർത്തി. പെട്ടെന്ന് കനത്ത മഴ പെയ്തതോടെ മത്സരം നിർത്തിവെച്ചു. 24.1 ഓവറിലെത്തിയപ്പോഴാണ് മഴ പെയ്തത്. റിസർവ് ദിനമായ ഇന്ന് മത്സരം തുടങ്ങാൻ നേരം വൈകി. മഴമൂലം മത്സരം 4.40 നാണ് ആരംഭിച്ചത്. ക്രീസിലെത്തിയ കോലിയും രാഹുലും ചേർന്ന് ടീം സ്കോർ 150 കടത്തി. പിന്നാലെ ഇരുവരും അർധസഞ്ചുറി കൂട്ടുകെട്ടും പടുത്തുയർത്തി. കോലിയെ സാക്ഷിയാക്കി രാഹുൽ അടിച്ചുതകർത്തു. അനായാസം ബൗണ്ടറിയും സിക്സും പറത്തി രാഹുൽ പാക് ബൗളർമാർക്ക് ഭീഷണിയായി മാറി. 32.5 ഓവറിൽ ടീം സ്കോർ 200 കടന്നു. പിന്നാലെ രാഹുൽ അർധസെഞ്ചുറി നേടി. 60 പന്തുകളിൽ നിന്നാണ് താരം അർധസെഞ്ചുറി കുറിച്ചത്.

രാഹുലിന് പിന്നാലെ സൂപ്പർ താരം വിരാട് കോലിയും അർധസെഞ്ചുറി നേടി. 55 പന്തുകളിൽ നിന്നാണ് താരം അർധശതകം കുറിച്ചത്. താരത്തിന്റെ 66-ാം ഏകദിന അർധസെഞ്ചുറിയാണിത്. പിന്നാലെ ഇരുവരും സെഞ്ചുറി കൂട്ടുകെട്ട് പടുത്തുയർത്തി. 84 പന്തുകളിൽ നിന്നാണ് കോലി ശതകം കുറിച്ചത്. താരത്തിന്റെ ഏകദിനത്തിലെ 47-ാം സെഞ്ചുറിയാണിത്. അന്താരാഷ്ട്ര കരിയറിലെ വേഗം കൂടി. 42.3 ഓവറിൽ കോലിയും രാഹുലും ചേർന്ന് കൂട്ടുകെട്ട് 150 ആക്കി ഉയർത്തി. 45 ഓവറിൽ ടീം സ്കോർ 300 കടന്നു. 47-ാം ഓവറിലെ അവസാന പന്തിൽ രാഹുൽ സെഞ്ചുറി തികച്ചു. 100 പന്തിൽ നിന്നാണ് താരം സെഞ്ചുറി നേടിയത്. താരത്തിന്റെ ഏകദിനത്തിലെ ആറാം സെഞ്ചുറിയാണിത്. പിന്നാലെ കോലിയും സെഞ്ചുറി തികച്ചു. 84 പന്തുകളിൽ നിന്നാണ് കോലി ശതകം കുറിച്ചത്. താരത്തിന്റെ ഏകദിനത്തിലെ 47-ാം സെഞ്ചുറിയാണിത്. അന്താരാഷ്ട്ര കരിയറിലെ കോലിയുടെ സെഞ്ചുറികളുടെ എണ്ണം 77 ആയി ഉയർന്നു. അവസാന ഓവറിൽ കോലി ആഞ്ഞടിച്ചു. കോലി 94 പന്തുകളിൽ നിന്ന് ഒൻപത് ഫോറിന്റെയും മൂന്ന് സിക്സിന്റെയും സഹായത്തോടെ 122 റൺസെടുത്തും രാഹുൽ 106 പന്തുകളിൽ നിന്ന് 12 ഫോറിന്റെയും രണ്ട് സിക്സിന്റെയും അകമ്പടിയോടെ 111 റൺസെടുത്തും പുറത്താവാതെ നിന്നു. ഇരുവരും മൂന്നാം വിക്കറ്റിൽ 194 പന്തിൽ നിന്ന് 233 റൺസിന്റെ അപരാജിത കൂട്ടുകെട്ട് പടുത്തുയർത്തി. പാകിസ്താന് വേണ്ടി ഷഹീൻ അഫ്രീദി, ശദബ് ഖാൻ എന്നിവർ രണ്ട് വിക്കറ്റ് വീതം സ്വന്തമാക്കി.

ജർമനി പുറത്താക്കുന്ന ആദ്യ കോച്ച്! നാണംകെട്ട തോൽവിക്ക് പിന്നാലെ സ്ഥാനം തെറിച്ചു

മ്യൂണിക്ക്: തുടർ തോൽവികൾക്ക് പിന്നാലെ കോച്ച് ഹാൻസി ഫ്ളിക്കിനെ പുറത്താക്കി ജർമനി. ജപ്പാനെതിരായ തോൽവിക്ക് പിന്നാലെയാണ് ജർമൻ ഫുട്ബോൾ അസോസിയേഷന്റെ തീരുമാനം.

ഖത്തർ ലോകകപ്പിലെ തോൽവിക്ക് പിന്നാലെ സ്വന്തം കാണികൾക്ക് മുന്നിലും ജപ്പാനോട് നാണംകെട്ടതോടെയാണ് കോച്ച് ഹാൻസി ഫ്ളിക്കിന്റെ പരിശീലക സ്ഥാനം തെറിച്ചത്. 1926ൽ മുഖ്യ പരിശീലകൻ എന്ന സ്ഥാനം രൂപീകരിച്ചതിന് ശേഷം ജർമൻ ഫുട്ബോൾ അസോസിയേഷൻ പുറത്താക്കുന്ന ആദ്യ കോച്ചാണ് ഫ്ളിക്ക്.

2021ൽ സ്ഥാനം ഒഴിഞ്ഞ യോക്വിം ലോയ്ക്ക് പകരം ചുമതലയേറ്റ ഫ്ളിക്കിന് കീഴിൽ അവസാന അഞ്ച് കളിയിൽ നാലിലും ജർമനി തോറ്റിരുന്നു. സമീപകാലത്ത് തോൽപ്പിക്കാനായത് ഒമാൻ, കോസ്റ്റാറിക്ക, പെറു എന്നിവരെ. ആകെ 25 കളിയിൽ ജയിക്കാനായത് പന്ത്രണ്ടിൽ മാത്രം. തുടർതോൽവികൾ നേരിട്ടെങ്കിലും പരിശീലകനായി തുടരുമെന്ന് ഹാൻസി ഫ്ളിക്ക് വ്യക്തമാക്കിയതിന് തൊട്ടു പിന്നാലെയാണ് അധികൃതരുടെ നടപടി.

ഫ്ളിക്കിനൊപ്പം സഹപരിശീലകരായ മാർക്കസ് സോർഗ്, ഡാനി റോഹ്ൾ എന്നിവരെയും പുറത്താക്കിയിട്ടുണ്ട്. പകരം റൂഡി വോളറെ താൽക്കാലിക പരിശീലകനായി നിയമിച്ചു. രണ്ടായിരം മുതൽ 2004വരെ ജർമൻ കോച്ചായിരുന്നു ലോകകപ്പ് ജേതാവായ റൂഡി വോളർ. ജർമൻ ദേശീയ ടീമിന്റെ ഡയറക്ടറും അദ്ദേഹമായിരുന്നു. വോളറുടെ സഹപരിശീലകരായി ഹാൻസ് വോൾസ്, സാന്ദ്രോ വാഗ്നർ എന്നിവരെയും നിയമിച്ചിട്ടുണ്ട്.

ജപ്പാനെതിരെ ഒന്നിനെതിരെ നാല് ഗോളിനാണ് ജർമനി പരാജയപ്പെട്ടത്. 11ാം മിനിറ്റിൽ ജുന്യ ഇട്ടോയുടെ ഗോളിലൂടെ മുന്നിലെത്തിയ ജപ്പാനെ 19-ാം മിനിറ്റിൽ ലിറോയ് സാനെയുടെ ഗോളിലൂടെ ജർമനയിൽ സമനിലയിൽ പിടിച്ചെങ്കിലും ആശ്വാസം അധികം നീണ്ടില്ല. മൂന്ന് മിനിറ്റിനകം അയാസെ യുവേഡ വീണ്ടും ജപ്പാനെ മുന്നിലെത്തിച്ചു.

സമനില ഗോളിനായുള്ള ജർമനിയുടെ ശ്രമങ്ങളെല്ലാം ഫലപ്രദമായി തടഞ്ഞ ജപ്പാൻ കളി തീരാൻ മിനിറ്റുകൾ ബാക്കിയിരിക്കെ 90ാം മിനിറ്റിൽ ടാകുമ അസാനോയിലൂടെ മൂന്നാം ഗോൾ നേടി വിജയം ഉറപ്പിച്ചു.

ഇഞ്ചുറി ടൈമിൽ ടനാക ജർമനിയുടെ പതനം പൂർത്തിയാക്കി നാലാം ഗോളും നേടിയതോടെ നാലു തവണ ലോക ചാമ്പ്യൻമാരായ ജർമനി സ്വന്തം കാണികൾക്ക് മുമ്പിൽ നാണംകെട്ടു.

ഗില്ലിന്റെ ഷോട്ട് നോക്കിനിന്നു; 'പാക്കിസ്ഥാനും അവരുടെ ഫീൽഡിങ്ങും', പരിഹസിച്ച് കൈഫ്

മുംബൈ: പാക്കിസ്ഥാൻ ക്രിക്കറ്റ് താരങ്ങളുടെ ഫീൽഡിങ് പിഴവുകളെ പരിഹസിച്ച് മുൻ ഇന്ത്യൻ താരം മുഹമ്മദ് കൈഫ്.

ഏഷ്യാകപ്പിലെ ഇന്ത്യ പാക്കിസ്ഥാൻ മത്സരത്തിനിടെ ശുഭ്മൻ ഗില്ലിനെ പുറത്താക്കാനുള്ള രണ്ട് അവസരങ്ങൾ പാക്കിസ്ഥാൻ താരങ്ങൾ പാഴാക്കിയിരുന്നു. നേരിട്ട ആദ്യ പന്തിൽ പുറത്താകലിൽനിന്നു രക്ഷപ്പെട ഗില്ലിനെ എട്ടാം ഓവറിലായിരുന്നു ഭാഗ്യം വീണ്ടും രക്ഷിച്ചത്.പാക്ക് പേസർ നസീം ഷായെറിഞ്ഞ മൂന്നാം പന്ത് ഗില്ലിന്റെ ബാറ്റിൽ എഡ്ജ് ചെയ്ത് പോയെങ്കിലും പാക്ക് താരങ്ങളാരും ക്യാച്ചിനു ശ്രമിച്ചില്ല. സ്ലിപ്പിൽ ഫീൽഡ് ചെയ്ത ഇഫ്തിഖർ അഹമ്മദിനും ആഗ സമാനും ഇടയിൽ കൂടി പന്ത് ബൗണ്ടറിയിലെത്തുകയായിരുന്നു. ഇതാണ് കൈഫിന്റെ പരിഹാസത്തിനു കാരണം. പാക്ക് താരങ്ങളുടെ അവസ്ഥ കണ്ട് ഹിന്ദിയിൽ കമന്ററി പറയുകയായിരുന്ന മുഹമ്മദ് കൈഫിനു ചിരിപൊട്ടി.

'പാക്കിസ്ഥാനും അവരുടെ ഫീൽഡിങ്ങും' എന്നു പറഞ്ഞ് കൈഫ് പൊട്ടിച്ചിരിക്കുകയായിരുന്നു. ഇഫ്തിഖർ അഹമ്മദ് ക്യാച്ച് അവസരം പാഴാക്കിയതു ഞെട്ടിച്ചെന്നു മുൻ ഇന്ത്യൻ ഓപ്പണർ ഗൗതം ഗംഭീറും പ്രതികരിച്ചു. ശുഭ്മൻ ഗിൽ അർധ സെഞ്ചറി നേടിയാണു പുറത്തായത്.

52 പന്തുകൾ നേരിട്ട താരം 58 റൺസെടുത്തിരുന്നു. ഷഹീൻ ഷാ അഫ്രീദിയുടെ പന്തിൽ ആഗ സൽമാൻ ക്യാച്ചെടുത്താണ് ഗില്ലിനെ പുറത്താക്കിയത്.

സിന്ധുവിന് ആത്മവിശ്വാസം കുറവ്, ഏഷ്യൻ ഗെയിംസിൽ മെഡൽ നേടുമെന്ന് തോന്നുന്നില്ല: വിമൽ കുമാർ

ന്യൂഡൽഹി: 2023 ഏഷ്യൻ ഗെയിംസിന് മുന്നോടിയായി ബാഡ്മിന്റൺ ഇതിഹാസം പി.വി. സിന്ധുവിനെ വിമർശിച്ച് മുൻ ഇന്ത്യൻ ദേശീയ ടീം പരിശീലകൻ വിമൽ കുമാർ. സിന്ധുവിന് ആത്മവിശ്വാസക്കുറവുണ്ടെന്നും വരാനിരിക്കുന്ന ഏഷ്യൻ ഗെയിംസിൽ മെഡൽ നേടാൻ സാധ്യത കുറവാണെന്നും വിമൽ കുമാർ വ്യക്തമാക്കി.

രണ്ട് തവണ ഒളിമ്പിക് മെഡൽ കഴുത്തിലണിഞ്ഞ സിന്ധുവിൽ നിന്ന് ഏഷ്യൻ ഗെയിംസിൽ സ്വർണത്തിൽ കുറഞ്ഞതൊന്നും ഇന്ത്യ പ്രതീക്ഷിക്കുന്നില്ല. നിലവിൽ പ്രകാശ് പദുകോണിന്റെ കീഴിലാണ് സിന്ധു പരിശീലനം നടത്തുന്നത്.' സിന്ധുവിന് ആത്മവിശ്വാസം കുറവാണ്. താരത്തിന് പ്രചോദനം നൽകാൻ പ്രകാശ് നന്നായി ശ്രമിക്കുന്നുണ്ട്. നന്നായി കഠിനാധ്വാനം ചെയ്താൽ മാത്രമേ സിന്ധുവിന് ഏഷ്യൻ ഗെയിംസിൽ മെഡൽ നേടാനാകൂ. സിന്ധു ഇത്തവണ മെഡൽ നേടുമെന്ന് തോന്നുന്നില്ല' – വിമൽ കുമാർ വ്യക്തമാക്കി.2019–ൽ ലോക ചാമ്പ്യനായ സിന്ധു ഈ വർഷം നടന്ന ഏഴ് ബി.ഡബ്ല്യു.എഫ് ടൂർണമെന്റുകളിൽ ആദ്യ റൗണ്ടിൽ തന്നെ പുറത്തായി. കാനഡ ഓപ്പണിൽ സെമി ഫൈനലിലെത്തിയതൊഴിച്ചാൽ മികച്ച പ്രകടനം പുറത്തെടുക്കാൻ സിന്ധുവിന് സാധിച്ചിട്ടില്ല. യുഎസ് ഓപ്പണിലും ഓസ്ട്രേലിയൻ ഓപ്പണിലും താരം ക്വാർട്ടർ ഫൈനലിലുമെത്തി.

എന്താണ് നിപ വൈറസ്; ലക്ഷണങ്ങളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും

തിരുവനന്തപുരം: സംസ്ഥാനത്ത് വീണ്ടും നിപാ ഭീതി പടർന്നിരിക്കുകയാണ്. നിപാ ലക്ഷണങ്ങളോടെ പനി ബാധിച്ച് രണ്ടു പേർ മരിച്ചതാണ് ഭീതിക്ക് കാരണം. നിപ കേരളത്തിൽ മനുഷ്യരിൽ ആദ്യമായ സ്ഥിരീകരിച്ചത് കോഴിക്കോട് പേരാമ്പ്രയിലെ ചങ്ങരോത്ത് പഞ്ചായത്തിലുള്ള സൂപ്പിക്കട, ആവടുക്ക മേഖലയിലാണ്. കോഴിക്കോട് തന്നെയാണ് വീണ്ടും നിപ സംശയ സാഹചര്യവും വന്നിരിക്കുന്നത്. ജില്ലയിൽ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചിരിക്കുകയാണ് ആരോഗ്യവകുപ്പ്. ഈ സാഹചര്യത്തിൽ നിപ എന്ത്, ലക്ഷണങ്ങൾ, എങ്ങനെ പ്രതിരോധിക്കാം എന്നിവയെക്കുറിച്ച് കൂടുതൽ അറിയാം.

എന്താണ് നിപാ വൈറസ്

ഹെനിപാ വൈറസ് ജനുസിലെ നിപാ വൈറസ് പാരാമിക്സോവൈറിഡേ ഫാമിലിയിലെ അംഗമാണ്. ഇതൊരു ആർ.എൻ.എ. വൈറസ് ആണ്. പൊതുവേ മൃഗങ്ങളിൽ നിന്ന് മൃഗങ്ങളിലേക്ക് പകരുന്നതാണ് നിപാ വൈറസ്.

എന്നാൽ വൈറസ് ബാധയുള്ള വവ്വാലുകളിൽ നിന്നോ പന്നികളിൽ നിന്നോ ഇത് മനുഷ്യരിലേക്ക് പകരാൻ സാധ്യതയുണ്ട്. മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്കും പകരാം. അസുഖ ബാധയുള്ളവരെ അടുത്ത് പരിചരിക്കുന്നവർ അടുത്ത് ഇടപഴകുന്നവർ തുടങ്ങിയവർക്ക് ശ്രദ്ധിച്ചില്ലെങ്കിൽ രോഗം പകരാം. ആശുപത്രി ജീവനക്കാരും മറ്റും അതീവ ശ്രദ്ധപുലർത്തേണ്ടതുണ്ട്. വൈറസ് ബാധയുള്ള വവ്വാലുകളുടെ കാഷ്ഠം കലർന്ന പാനീയങ്ങളും വവ്വാൽ കടിച്ച പഴങ്ങളും മറ്റും കഴിക്കുന്നതിലൂടെയും രോഗം പകരാം.

രോഗലക്ഷണങ്ങൾ എപ്പോൾ എന്ത്

അഞ്ച് മുതൽ 14 ദിവസം വരെയാണ് രോഗാണു ശരീരത്തിൽ കഴിയുക. പിന്നീട് രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങും. ഈ കാലത്ത് രോഗം മറ്റുള്ളവരിലേക്ക് പകരുകയും ചെയ്യും. രോഗബാധ ഉണ്ടായാലും ലക്ഷണങ്ങൾ വ്യക്തമാകാൻ 14 ദിവസം വേണമെന്ന് ചുരുക്കം.

രോഗലക്ഷണങ്ങൾ

പനിയും തലവേദനയും തലകറക്കവും ബോധക്ഷയവുമൊക്കെയാണ് ലക്ഷണങ്ങൾ. ചുമ, വയറുവേദന, മനംപുരട്ടൽ, ഛർദി, ക്ഷീണം, കാഴ്ച മങ്ങൽ തുടങ്ങിയ ലക്ഷണങ്ങളും അപൂർവമായി പ്രകടിപ്പിക്കാം. രോഗലക്ഷണങ്ങൾ ആരംഭിച്ച് ഒന്നു രണ്ടു ദിവസങ്ങൾക്കകം തന്നെ കോമ അവസ്ഥയിലെത്താൻ സാധ്യതയുണ്ട്. തലച്ചോറിനെ ബാധിക്കുന്ന എൻസഫലൈറ്റിസ് ഉണ്ടാവാനും വലിയ സാധ്യതയാണുള്ളത്.

നിപ സംശയം: പരിശോധനാ ഫലം ഇന്ന് ലഭിക്കും; ചികിത്സയിൽ കഴിയുന്നവരിൽ ഒരു കുട്ടിയുടെ നില ഗുരുതരം...

രോഗ സ്ഥിരീകരണം

തൊണ്ട, മൂക്ക് എന്നിവിടങ്ങളിൽ നിന്നുമുള്ള സ്രവം, രക്തം, മൂത്രം, തലച്ചോറിലെ നീരായ സെറിബ്രോ സ്പൈനൽ ഫ്ളൂയിഡ് എന്നിവയിൽ നിന്ന് റിയൽ ടൈം പോളിമറേസ് ചെയിൻ റിയാക്ഷൻ ഉപയോഗിച്ച് വൈറസിനെ വേർതിരിച്ചെടുക്കാൻ സാധിക്കും.

അസുഖം പുരോഗമിക്കുന്ന ഘട്ടത്തിൽ എലീസ പരിശോധനയിലൂടെയും തിരിച്ചറിയാൻ സാധിക്കും. മരണപ്പെട്ടവരുടെ പോസ്റ്റ്മോർട്ടം പരിശോധനയിൽ കലകളിൽ നിന്നെടുക്കുന്ന സാമ്പിളുകളിൽ ഇമ്യൂണോഹിസ്റ്റോകെമിസ്ട്രി പരിശോധന നടത്തിയും അസുഖം സ്ഥിരീകരിക്കാൻ സാധിക്കുമെന്ന് വിദഗ്ധർ പറയുന്നു. അസുഖം വന്നതിനു ശേഷമുള്ള ചികിത്സ അത്ര ഫലപ്രദമല്ല. അതുകൊണ്ടുതന്നെ പ്രതിരോധമാണ് ഏറ്റവും പ്രധാനം.

സ്വീകരിക്കേണ്ട മുൻകരുതലുകൾ

വൈറസ് ബാധയുള്ള വവ്വാലുകളുടെ കാഷ്ഠം മനുഷ്യ ശരീരത്തിലെത്തിയാൽ അസുഖം ഉണ്ടാകാം. അങ്ങനെയുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം.വവ്വാലുകൾ ധാരാളമുള്ള സ്ഥലങ്ങളിൽ നിന്ന് തുറന്ന കലങ്ങളിൽ ശേഖരിക്കുന്ന കള്ള് ഒഴിവാക്കുക. വവ്വാലുകൾ കഴിച്ച പഴങ്ങൾ ഒഴിവാക്കുക

രോഗം പകരാതിരിക്കാൻ എടുക്കേണ്ട മുൻകരുതലുകൾ

=രോഗിയുമായി സമ്പർക്കം ഉണ്ടായതിന് ശേഷം കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് നന്നായി കഴുകുക.

=രോഗിയുമായി ഒരു മീറ്ററെങ്കിലും ദൂരം പാലിക്കുകയും രോഗി കിടക്കുന്ന സ്ഥലത്തു നിന്ന് അകലം പാലിക്കുകയും ചെയ്യുക

=രോഗിയുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കുള്ള സാമഗ്രികൾ പ്രത്യേകം സൂക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്യുക.

=വസ്ത്രങ്ങളും മറ്റും പ്രത്യേകം കഴുകുകയും ഉണക്കുകയും ചെയ്യുക

ആശുപത്രികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

=രോഗ ലക്ഷണങ്ങളുമായി വരുന്ന എല്ലാ രോഗികളെയും ഐസലേഷൻ വാർഡിൽ പ്രവേശിപ്പിക്കുക

=രോഗമുണ്ടെന്ന് സംശയിക്കുന്ന ആളുകളോട് സംസാരിക്കുമ്പോഴും പരിശോധിക്കുമ്പോഴും കയ്യുറകളും മാസ്കും ധരിക്കുക

=സാംക്രമിക രോഗങ്ങളിൽ എടുക്കുന്ന എല്ലാ മുൻകരുതലുകളും ഇത്തരം രോഗികളിലും എടുക്കുക

= രോഗമുണ്ടെന്നു സംശയിക്കുന്ന രോഗി അഡ്മിറ്റ് ആയാൽ അധികൃതരെ വിവരം അറിയിക്കുക.

=ആൽക്കഹോൾ അടങ്ങിയ ഹാൻഡ് റബ്ബുകൾ ഉപയോഗിച്ച് കൈ കഴുകുക

=രോഗികളെ മറ്റ് അസുഖം ബാധിച്ചവരിൽ നിന്ന് അകറ്റി നിർത്തുക

സ്വയം രക്ഷാ സജ്ജീകരണങ്ങളുടെ ഉപയോഗം:

=മാസ്ക്, കൈയുറ (ഗ്ലൗസ്), ഗൗൺ എന്നിവയൊക്കെ രോഗിയുമായി ഇടപഴകുമ്പോൾ ഉടനീളം ഉപയോഗിക്കേണ്ടതാണ്.

തീർത്തും സൂക്ഷ്മമായ വായുവിലെ കണങ്ങളിൽ 95 ശതമാനവും ശ്വസിക്കുന്നത് തടയാൻ കഴിയുന്ന എൻ95 മാസ്കുകൾ രക്തവും സ്രവങ്ങളും ടെസ്റ്റിനായെടുക്കുമ്പോഴും ട്യൂബ് ഇടുന്നത് പോലുള്ള ഇടപെടൽ വേളയിലും നിഷ്കർഷിക്കേണ്ടതാണ്.

=കൈകൾ സോപ്പുപയോഗിച്ച് 20 സെക്കന്റെങ്കിലും വ്യത്തിയായി കഴുകുക.

=ശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങൾ പരമാവധി ഡിസ്പോസിബിൾ ആവുന്നതാണ് ഉത്തമം.

പുനരുപയോഗം അനിവാര്യമെങ്കിൽ ശരിയായ രീതിയിൽ അണു നശീകരണത്തിന് ശേഷം മാത്രമെന്ന് ഉറപ്പ് വരുത്തണം.

=ഓട്ടോക്ലേവ് ചെയ്യുക, ഗ്ലൂട്ടറാൽ ഡിഹൈഡ് ഉപയോഗിക്കുക എന്നിവയാണ് അണു നശീകരണത്തിന് ഉപയോഗിക്കേണ്ടത്.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.